# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27

License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 01
January 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



സീറോമലബാർ
സമുദായ ശാക്തീകരണ വർഷം - 2026

# പൗരോഹിത്യ രജത ജൂബിലി ആശംസകൾ



FR. ELEMKUNNEL SEBASTIAN
ORDINATION : 26-12-2001



FR. THEKKEPERA MATHEW
ORDINATION: 26-12-2001



FR. URUMBIL JOSEPH
ORDINATION: 27-12-2001



FR. AMBALATHINKAL SEBASTIAN
ORDINATION: 27-12-2001



FR. VAZHAKATTU JOSEPH
ORDINATION: 28-12-2001



FR. MUNJANATTU MATHEW
ORDINATION: 01-01-2002



FR. VADAKKEMULANJINAL MICHAEL
ORDINATION: 01-01-2002



FR. ELAYIDATHU MANI
ORDINATION: 02-01-2002



FR. KUZHIKANDATHIL JOSEPH
ORDINATION: 02-01-2002



FR. CHEMBAKKARA JAMES
ORDINATION: 03-01-2002



FR.CHAKKITTUKUDIYIL JAMES
ORDINATION: 30-04-2002

മാനന്തവാടി രൂപതാ കുടുംബം

# ജൂബിലി - കുടുംബ നവീകരണ വർഷ സമാപനം

2025 ഡിസംബർ 6

പാസ്റ്ററൽ സെന്റർ, ദ്വാരക














മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 17 ജനുവരി 2026 ലക്കം 1

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 07 |
| രൂപതാ കച്ചേരി വാർത്തകൾ | 13 |
| റിപ്പോർട്ട് വൈദിക യോഗം | 15 |
| മതബോധനരംഗം | 18 |
| ചെറുപുഷ്പ മിഷൻലീഗ് | 22 |
| തിരുബാലസഖ്യം | 27 |
| കെ.സി.വൈ.എം | 29 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 32 |
| കുടുംബപ്രേഷിതത്വം | 33 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 44 |
| സാമൂഹ്യ സേവനരംഗം (WSSS) | 47 |
| ജീവസ് & കെ.എൽ.എം | 58 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി | 60 |
| കത്തോലിക്കാ കോൺഗ്രസ്സ് (AKCC) | 65 |
| ബയോവിൻ അഗ്രോ റിസർച്ച് | 68 |
| റേഡിയോ മാറ്റൊലി | 72 |
| Mary Matha Arts & Science College | 74 |
| ഫെഡാർ ഫൗണ്ടേഷൻ | 77 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി | 79 |
| ബിഷപ്സ് പ്രോഗ്രാം | 87 |

# സർക്കുലർ

*Prot. No. 31396/2026*
*Circular No. 01/2026*

## സീറോമലബാർസഭ സമുദായ ശക്തീകരണ വർഷം 2026

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

2026 വർഷം സീറോമലബാർ സമുദായ ശക്തീകരണ വർഷമായി ആചരിക്കണമെന്ന അഭ്യർത്ഥന നമ്മുടെ സഭയിലെ വിവിധ സമുദായ സംഘടനകൾ മുന്നോട്ടുവച്ചതിൻ പ്രകാരം സീറോമലബാർ സഭാനേതൃത്വം അക്കാര്യം ചർച്ച ചെയ്ത് അപ്രകാരം ചെയ്യാം എന്ന് തീരുമാനിച്ച കാര്യം ഇതിനോടകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. നമ്മുടെ രൂപതയിൽ 2026 ജനുവരി 11 ഞായറാഴ്ചയാണ് സമുദായ ശക്തീകരണ വർഷാചരണം ഉദ്ഘാടനം ചെയ്യപ്പെടുന്നത്. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ രൂപീകരിക്കപ്പെടുന്ന സമുദായ ശക്തീകരണ കമ്മിറ്റിയിലെ അംഗങ്ങൾ തിരി തെളിച്ചുകൊണ്ട് ഉദ്ഘാടനം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം സമുദായ ശക്തീകരണ വർഷത്തിന്റെ ബാനർ പള്ളിയിൽ സ്ഥാപിക്കുകയും ചെയ്യുമല്ലോ. 2026 ഡിസംബർ 31 ന് അതിന്റെ സമാപനവും നടത്തണം. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പൊതുപരിപാടികൾക്കൊപ്പം ഇടവകാ തലത്തിൽ സാധ്യമായ പ്രവർത്തനങ്ങൾ നടത്തണം. സുരക്ഷിത കുടുംബം സുശക്ത സമുദായം എന്നതാണ് ലക്ഷ്യം.

ഉദ്ഘാടനത്തിന് മുമ്പായി ഈ സർക്കുലറിന്റെ അവസാന ഭാഗത്ത് സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ രൂപത, ഫൊറോന, ഇടവക എന്നീ തലങ്ങളിൽ നേതൃത്വം നല്കാൻ കമ്മിറ്റികൾ സജ്ജമാക്കുന്നതാണ്. രൂപതയിലെ എല്ലാ സംഘടനകളും പ്രത്യേകിച്ച് എ.കെ.സി.സി.യും പബ്ലിക്ക് അഫയേഴ്സ് കമ്മിറ്റിയും ഇതിന് നേതൃത്വം നല്കും. വിവിധ സംഘടനകളുടെ പ്രസ്തുതയത്നത്തിൽ

ബഹുമാനപ്പെട്ട ഫൊറോനാ  വികാരിയച്ചന്മാരുടെയും ഇടവക വികാരിയച്ചന്മാരുടെയും മറ്റ് എല്ലാ വൈദികരുടെയും വിവിധ സമർപ്പിത സമൂഹങ്ങളിലെ അംഗങ്ങളുടെയും സജീവമായ സഹായ സഹകരണം ഉണ്ടാകണം എന്നഭ്യർത്ഥിക്കുന്നു.

എന്തിനാണ് ഇപ്രകാരം ഒരാചരണം എന്ന് മനസ്സിലാകണമെങ്കിൽ എന്താണ് സമുദായം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. സഭയും സമുദായവും ക്രൈസ്തവ സമൂഹത്തിന്റെ രണ്ട് വശങ്ങളാണ്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾപോലെയാണത്. രണ്ടും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. എന്നാൽ രണ്ടും ഒന്നല്ല താനും. രണ്ടിനും വ്യത്യസ്തമായതും എന്നാൽ പരസ്പരം ബന്ധപ്പെട്ടതുമായ നേതൃത്വവും ഉണ്ട്. അവർ പരസ്പര പൂരകങ്ങളാണ്.

സഭാനേതൃത്വം, അതായത് മെത്രാന്മാർ, വൈദികർ, സമർപ്പിതർ എന്നിവർ, കൂടുതലായി ക്രൈസ്തവസമൂഹത്തിന്റെ ആത്മീയ കാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്. അവരുടെ പഠനവും പരിശീലനവും രൂപീകരണവും എല്ലാം അതിന് അവരെ പ്രാപ്തരാക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.  ബൗദ്ധികവും മാനസികവുമായി അവരുടെ ശൈലികളും അതിന് ചേരുന്ന രീതിയിലായി മാറണം എന്നതും അതിന്റെ ലക്ഷ്യത്തിൽ പെടുന്നു. മറ്റ് വാക്കുകളിൽ പറഞ്ഞാൽ സഭാസമൂഹം ജീവിക്കുന്ന രാഷ്ട്രീയവും ഭരണപരവും മറ്റുമായ പൊതു ഇടങ്ങളിലെ പ്രവർത്തനങ്ങൾക്ക് അവർ പരിശീലിപ്പിക്കപ്പെട്ടിട്ടില്ല എന്നർത്ഥം. മാത്രമല്ല അത്തരം മേഖലകളിൽ ഇടപെടുന്നതിന് അവർക്ക് രാജ്യത്തിന്റെയും സഭയുടെയും നിയമപരമായ വിലക്കുകളും പൊതുമര്യാദയുടെ പരിമിതികളും ഉണ്ട്.

എന്നാൽ സമുദായ നേതൃത്വം ക്രൈസ്തവ സമൂഹത്തിന്റെ പൊതു ഇടങ്ങളിലുള്ള സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ക്രമീകരിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്നു. അതിനവരെ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും രൂപീകരിക്കാനും പ്രാപ്തരാക്കാനുമുള്ള വേദികളാണ് എ.കെ.സി.സി, കെ.സി.വൈ.എം. തുടങ്ങിയ സംഘടനകൾ. രാഷ്ട്രീയം, നിയമനിർമ്മാണ സഭകൾ,

ഭരണം, നീതിന്യായ നിർവഹണം, ഉദ്യോഗശ്രേണി, നയരൂപീകരണ വേദികൾ, സ്കൂൾ കോളേജ് പാഠ്യപദ്ധതി രൂപീകരണ സമിതികൾ, അധ്യാപനം, വ്യവസായം, കലാ സാംസ്കാരിക വേദികൾ എന്നിങ്ങനെ ഏതു മേഖലയിലായിരുന്നാലും ക്രൈസ്തവ കാഴ്ചപ്പാടോടെ പ്രവർത്തിക്കാനും തങ്ങൾ ഉൾപ്പെടുന്ന സമുദായം അവഗണിക്കപ്പെടാതിരിക്കാനും വേണ്ടത് ചെയ്യാനുള്ള പരിശീലനമാണ് ഈ സംഘടനകളിലൂടെ നൽകേണ്ടത്. എല്ലാറ്റിനുമുപരി ഇപ്പറഞ്ഞവയിലുള്ള സജീവ ഭാഗഭാഗിത്വം സമുദായത്തിന്റെ നിലനിൽപ്പിനും അന്ത്യന്താപേക്ഷിതമാണ് എന്ന അവബോധം സൃഷ്ടിക്കപ്പെടണം. അങ്ങനെ ചെയ്യുമ്പോൾ മാത്രമാണ് സമുദായം ശക്തിപ്പെടുന്നത്. ഈ അവബോധസൃഷ്ടിയാണ് സമുദായശക്തികരണത്തിന്റെ ആദ്യപടി.

നിർഭാഗ്യവശാൽ അങ്ങനെ ചിന്തിക്കുന്നതും ചെയ്യുന്നതും വർഗ്ഗീയതയാണ് എന്ന പൊതുബോധം പ്രത്യേകിച്ച് സീറോമലബാർ സമുദായാംഗങ്ങളെ വളരെ കൂടുതലായി ബാധിച്ചിട്ടുണ്ട് എന്ന് അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നു. തൽഫലമായിട്ടാണ് സഭാനേതൃത്വത്തിന് പോലും കാര്യമായൊന്നും ഇക്കാര്യത്തിൽ പറയാനും ചെയ്യാനും കഴിയാത്തത്. എന്തെങ്കിലും അങ്ങനെ പറയുന്നവരെയും ചെയ്യുന്നവരെയും വർഗ്ഗീയവാദികളാക്കി നമ്മൾ തന്നെ മുദ്രയടിക്കുന്ന വിരോധാഭാസം നമ്മുടെ സമുദായത്തിന്റെ ഒരു പ്രത്യേകതയാണ്. സമൂഹമാധ്യമങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടുന്നതാണ്.

അവരവരുടെ ജാതിയും മതവും സമുദായവും മാത്രം മതി എന്ന് ചിന്തിക്കുകയും അതിനനുസരിച്ച് പക്ഷപാതപരമായി പ്രവർത്തിക്കുകയും ചെയ്യുന്നതാണ് വർഗ്ഗീയത എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. എല്ലാവരേയും പോലെ ഞങ്ങൾക്കും ഇവിടെ മാന്യമായി ജീവിക്കാൻ അവകാശം ഉണ്ടെന്ന് പറയുന്നത് കേവലം നീതി മാത്രമാണ്. ഇത് എവിടെയും ഭയമില്ലാതെ വിളിച്ച് പറയാനും ഏതു മേഖലയിലായാലും അതിനനുസരിച്ച് പ്രവർത്തിക്കാനും സീറോമലബാർ കത്തോലിക്കർ തയ്യാറാകുമ്പോഴാണ് സീറോമലബാർ സമുദായം ശക്തീകരിക്കപ്പെടുന്നത്. നമ്മുടെ സമുദായ

നേതൃത്വം അതിനുള്ള അവബോധം ഉള്ളവരാകണം. ആ അവബോധം മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും അവർ ശക്തരാകണം. ക്രമേണ സമുദായാംഗങ്ങൾ മുഴുവൻ അങ്ങനെ ആയിത്തീരണം. അതാണ് സമുദായ ശക്തീകരണ വർഷം ആചരിക്കുന്നതിന്റെ ഉദ്ദേശ്യം.

കുടുംബത്തിലൂടെയാണ് സമുദായം പടുത്തുയർത്തപ്പെടുന്നത്. അവിടെയാണ് മേൽപ്പറഞ്ഞ കാര്യങ്ങളുടെ ആദ്യപാഠങ്ങൾ കുട്ടികൾ പഠിക്കുന്നത്. കുടുംബങ്ങളുടെ കെട്ടുറപ്പ് ശിഥിലമായാൽ അല്ലെങ്കിൽ മാതാപിതാക്കൾക്ക് ആ ബോധ്യമില്ലാതായാൽ സ്വഭാവികമായും കുട്ടികളുടെ സമുദായ ബോധത്തെയും അത് ബാധിക്കും. ഇക്കാരണത്താലാണ് കഴിഞ്ഞ വർഷം കുടുംബനവീകരണ വർഷമായി നമ്മൾ ആചരിച്ചത്. ആ അർത്ഥത്തിൽ അഞ്ച് വർഷങ്ങൾക്ക് മുമ്പ് നാം നടത്തിയ എപ്പാർക്കിയൽ അസംബ്ലി മുന്നോട്ടു വെച്ച പ്രവർത്തന രൂപരേഖയുടെയും കുടുബനവീകരണ വർഷത്തിന്റെയും തുടർച്ചയാണ് സമുദായ ശക്തീകരണ വർഷാചരണം എന്ന് പറയാം.

പ്രധാനമായും അഞ്ച് മേഖലകളിലാണ് സമുദായ ശക്തീകരണം സാധ്യമാക്കേണ്ടത്. അവ കത്തോലിക്കാവിശ്വാസം, ആത്മീയത എന്നിവയിൽ അധിഷ്ഠിതമാക്കുകയും വേണം. 1. സമുദായ ബോധം, 2. തൊഴിൽ സമ്പത്ത്, സാമൂഹ്യ സുരക്ഷ, 3. മാധ്യമം, കലാ-സാംസ്കാരികം, 4. വിദ്യാഭ്യാസം, ആരോഗ്യം, ഉപവി പ്രവർത്തനങ്ങൾ, 5. രാഷ്ട്രീയം, പൊതുജീവിതം എന്നിവയാണവ. ഇതിലൂടെയെല്ലാം നമുക്ക് ലഭിക്കേണ്ട അവകാശങ്ങൾ ഉറപ്പാക്കാനും ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താനും പുതുസാധ്യതകൾ കണ്ടെത്താനും ഓരോ കുടുംബത്തിലും അവയുടെ പ്രയോജനം ഉറപ്പാക്കാനും സാധിക്കണം. ഇതിന് ഇടവകാതലത്തിൽ തന്നെ സമുദായ നേതാക്കൾ ഉണ്ടാകണം. കുടുംബ കൂട്ടായ്മകൾ ശക്തമാക്കണം പാരീഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാഭാരവാഹികൾ തുടങ്ങിയവർ സമുദായ നേതാക്കളായി മാറണം. നമ്മുടെ സമുദായാംഗങ്ങൾ അതിന് സ്വയം മുന്നോട്ട് വരണം.

സമുദായ ശക്തികരണ വർഷത്തിന്റെ നടത്തിപ്പിനായി രൂപതാ തലത്തിൽ രൂപീകരിച്ച കമ്മിറ്റി താഴെപറയും പ്രകാര

മാണ്. **ചെയർമാൻ:** അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ്. **വൈസ് ചെയർപേഴ്സൺ:** എ.കെ.സി.സി രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, കെ.എൽ.എം. രൂപതാ ഡയറക്ടർ ശ്രീ. സെബാസ്ററ്യൻ പാലംപറമ്പിൽ, മാതൃവേദി രൂപതാ പ്രസിഡന്റ്: ശ്രീമതി മേഴ്സി ബെന്നി അമരിക്കാട്ട്. **കോ ഓർഡിനേറ്റർ:** പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചായിൽ.

**കോർ കമ്മിറ്റി:**

സിഞ്ചെല്ലൂസ്മാർ, പ്രൊകുറേറ്റർ, ചാൻസലർ, ഫാ. സാന്റോ അമ്പലത്തറ (കെ.സി.വൈ.എം ഡയറക്ടർ), ഫാ. ഫ്രാൻസീസ് അള്ളുംപുറം O. Praem (സന്യാസ വൈദികരുടെ പ്രതിനിധി), സി. പൗളിൻ SABS (സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധി), ഫാ. ജെയ്മോൻ കളമ്പുകാട്ട് (ദീപിക, രൂപതാ പ്രമോട്ടർ), ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ (എ.കെ.സി.സി. പ്രസിഡന്റ്), ശ്രീ. സാലു അബ്രാഹം മേച്ചേരിൽ (പി.ആർ.ഓ.), ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് (മീഡിയ കമ്മീഷൻ).

കോർ കമ്മിറ്റിയും ഉപസമിതി ചെയർമാന്മാരും കൺവീനർമാർ അടങ്ങുന്ന എക്സിക്യുട്ടീവ് കമ്മിറ്റിയും, എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോനാ വികാരിമാർ, സംഘടനകളുടെയും & ഡിപ്പാർട്ട്മെന്റ്കളുടെയും ഡയറക്ടർമാർ, പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന **സെൻട്രൽ കമ്മിറ്റിയും** രൂപീകരിച്ചിട്ടുണ്ട്.

അതോടൊപ്പം ഫൊറോനാ തലത്തിലും ഇടവകാ തലത്തിലും താഴെപ്പറയുംവിധം കമ്മിറ്റികൾ രൂപീകരിക്കണം:

**ഫൊറോനാ തലം:**

എക്സിക്യൂട്ടിവ് കമ്മിറ്റി: ഫൊറോന വികാരി (ചെയർമാൻ), എ.കെ.സി.സി ഡയറക്ടർ (വൈസ് ചെയർമാൻ), ഫൊറോന സെക്രട്ടറി (കൺവീനർ), ഉപസമിതി ചെയർമാൻമാർ & കൺവീനർമാർ, 2 സന്യാസിനീ പ്രതിനിധികൾ, 2 അൽമായ വനിതാ പ്രതിനിധികൾ, ഒരു സന്യാസ വൈദിക പ്രതിനിധി (ഫൊറോനാ കൗൺസിലിൽ നിന്ന് തെരഞ്ഞെടുക്കണം). അനിവാര്യമായവരെ ആവശ്യമെങ്കിൽ കമ്മിറ്റികളിലേക്ക് ഫൊറോനാ വികാരിമാർക്ക് നോമിനേറ്റ് ചെയ്യാവുന്നതാണ്.

**ഇടവകാതലം:**

പാരീഷ്കൗൺസിലിൽ നിന്നും, ഉപസമിതി ചെയർമാൻ, കൺവീനർമാർ എന്നിവരെ തെരഞ്ഞെടുക്കുക; ആവശ്യമെങ്കിൽ കമ്മിറ്റി നോമിനേറ്റ് ചെയ്യുക. എക്സിക്യൂട്ടീവിൽ മദർ സുപ്പീരിയർ /സന്യാസിനി പ്രതിനിധി, നടത്തിപ്പ് കൈക്കാരൻ /പ്രതിനിധി, സൺഡേ സ്കൂൾ പ്രധാനാധ്യാപകൻ, സംഘടനാ പ്രസിഡന്റ്, കെ.എൽ.എം. പാരീഷ് കോർഡിനേറ്റർ എന്നിവരും ഉണ്ടാകണം.

കൂട്ടായ പ്രവർത്തിയിലൂടെ സമുദായ ശക്തീകരണം എന്ന ലക്ഷ്യം നേടാൻ നമ്മുക്ക് സാധിക്കും. സമുദായബോധം പ്രചരിപ്പിക്കുവാനും സമുദായസ്നേഹം വളർത്തുവാനും സമുദായത്തിന്റെ പിന്നോക്കാവസ്ഥകൾ പരിഹരിക്കാനും ഉള്ള പരിശ്രമത്തിന്റെ ആദ്യപടിയായ ഈ വർഷത്തിൽ എല്ലാവരുടേയും പൂർണ്ണ സഹകരണം ഇക്കാര്യത്തിൽ ഉറപ്പ് വരുത്താം. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നതോടൊപ്പം അനുഗ്രഹപൂർണ്ണമായ ക്രിസ്തുമസ്സും പുതുവത്സരവും നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് ഡിസംബർ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2026 ജനുവരി 4-ാം തീയതി ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോസഫ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും അനുസ്മരിക്കാം.

**യുവവൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2026 ഫെബ്രുവരി 16 മുതൽ 18 വരെ ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 16 ന് വൈകിട്ട് 6 മണിക്ക് ആരംഭിച്ച് 18 നു വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതായിരിക്കും. കോഴ്സ് നയിക്കുന്നത് സീറോമലബാർ സഭാ പി.ആർ.ഒയും തലശ്ശേരി അതിരൂപതാംഗവുമായ ബഹു. ടോം ഓലിക്കരോട്ട് അച്ചനാണ്.

2013 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പടെ എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളും മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

**മനസ്സമ്മതത്തിനു മുൻപ് വിവാഹപ്പരസ്യം നടത്താനുള്ള അനുമതി**

2025 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോമലബാർ മെത്രാന്മാരുടെ സിനഡ് തീരുമാനമനുസരിച്ച് മനസ്സമ്മതത്തിനു മുൻപ് വിവാഹപ്പരസ്യം നടത്താനുള്ള അനുമതിക്കായി ഫൊറോനാ വികാരി അച്ചനെ സമീപിക്കേണ്ടതില്ല. പകരം അതാതു വികാരിയച്ചന്മാർക്ക് പ്രസ്തുത അനുമതി നൽകാവുന്നതാണ് എന്ന തീരുമാനം 2025 നവംബർ മാസത്തെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. വ്യക്തതയ്ക്കു വേണ്ടി ഈ തീരുമാനത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മനസ്സമ്മതത്തിന് മുമ്പ് വിവാഹപ്പരസ്യം നടത്തുമ്പോൾ 3 ഞായറാഴ്ചകളിൽ അപ്രകാരം ചെയ്തിരിക്കണം.
2. പ്രതിശ്രുത വധൂവരന്മാർ സംയുക്തമായി രേഖാമൂലമാണ് മേൽപ്പറഞ്ഞ അനുവാദത്തിനുള്ള അഭ്യർത്ഥനാപത്രിക സമർപ്പിക്കേണ്ടത്.
3. വരന്റെ വികാരിയുടെ പക്കൽ ഇവർ അഭ്യർത്ഥനാ പത്രിക സമർപ്പിക്കുകയും അദ്ദേഹം നൽകിയ അനുമതിപത്രം വധുവിന്റെ വികാരിയുടെ പക്കൽ ഇവർ എത്തിക്കുകയും അദ്ദേഹം ഒപ്പ് വച്ച അനുമതിപത്രം ഇവർ വരന്റെ വികാരിയുടെ പക്കൽ തിരികെ എത്തിക്കുകയും തുടർന്ന് ഈ അനുമതിപത്രം അദ്ദേഹം ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. അനുമതി പത്രത്തിന്റെ ഒരു പകർപ്പ് വധുവിന്റെ ഇടവകയിലും സൂക്ഷിക്കേണ്ടതാണ്.
4. അഭ്യർത്ഥനാപത്രികയുടെ ഫോറം രൂപതാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്. (ഫോറത്തിന്റെ pdf ലഭ്യമാണ്. ആവശ്യമനുസരിച്ച് പ്രിന്റ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.)

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# റിപ്പോർട്ട് - വൈദിക യോഗം

**(2025 നവംബർ 25)**

മാനന്തവാടി രൂപതാ വൈദികരുടെ ഒരു യോഗം 25 - 11 -2025 നു ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വെച്ച് ചേരുകയുണ്ടായി. ബഹു. അഭിഷേക് കണ്ടത്തിങ്കര അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ വിശുദ്ധ വത്സരത്തിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുന്ന ഈ സമയത്ത് പ്രത്യാശയോടെ മുന്നോട്ടുപോകുവാൻ ദൈവവചനത്തിലൂടെ ശക്തിപ്പെടുത്തികൊണ്ട് യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. അന്നേദിനം ജന്മദിനം ആഘോഷിക്കുന്ന വൈദികർക്ക് അഭിവന്ദ്യ ജോസ് പിതാവ് പൂക്കൾ നൽകി ആശംസകൾ നേർന്നു.

രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് ജൂബിലി വർഷത്തെപ്പറ്റിയുള്ള ഒരു അവലോകനം നടത്തുകയും 2025 ഡിസംബർ 6 നുള്ള സമാപന സമ്മേളനത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. ജൂബിലി വർഷത്തിന്റെ പദ്ധതികളെ വിലയിരുത്തുമ്പോൾ എഴുപത് ശതമാനത്തോളം പള്ളികളിൽ കുടുംബ നവീകരണ വർഷ പരിപാടികൾ നടന്നതായി മനസിലാക്കുവാൻ സാധിക്കുന്നുവെന്നും വരും വർഷങ്ങളിലും നവീകരണ പരിപാടികൾ തുടരണമെന്നും പിതാവ് അഭ്യർത്ഥിച്ചു.

2026 സീറോ മലബാർ സഭ സമുദായ ശക്തീകരണ വർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ എന്തുകൊണ്ട് ഇപ്രകാരം ഒരു തീരുമാനം എടുത്തുവെന്നും പാഴ്സി സിൻഡ്രം നമ്മുടെ സമുദായത്തെ പിടികൂടുന്നത് നമ്മൾ തിരിച്ചറിയണം എന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. ഒറ്റപ്പെട്ട് വളരുന്നതും ഒരുമിച്ചു നിൽക്കാത്തതുകൊണ്ട് നാം ദുർബലരായിത്തീരുന്ന സാഹചര്യത്തെപ്പറ്റിയും അഭിവന്ദ്യ പിതാവ് സംസാരിച്ചു. തുടർന്ന് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ചെയർമാനായ രൂപതാതല കമ്മിറ്റിയുടെയും മറ്റ് കമ്മിറ്റികളുടെയും രൂപീകരണത്തെപ്പറ്റിയും അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സൂചിപ്പിച്ചു.

**ചർച്ചകളും തീരുമാനങ്ങളും**

1. പഞ്ചാബ് മിഷനെപ്പറ്റിയുള്ള കാര്യങ്ങൾ പഞ്ചാബ് മിഷൻ കോർഡിനേറ്റർ ബഹു. സജി നെടുംങ്കല്ലേൽ അച്ചൻ അവതരിപ്പിച്ചു. ഓരോ ഫൊറോനയും പഞ്ചാബ് മിഷന് നൽകുന്ന സാമ്പത്തിക സഹായത്തെപ്പറ്റിയും രണ്ടു മിഷൻ സ്റ്റേഷനുകളിലും നടക്കുന്ന ദേവാലയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും അച്ചൻ സംസാരിച്ചു.
2. വൈദികർക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതിയെയും വിവിധ ഇൻഷുറൻസ് പദ്ധതികളെയുംപറ്റി കെ. എൽ. എം. ഡയറക്ടർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ സംസാരിച്ചു. പെൻഷൻ പദ്ധതിയെപ്പറ്റി പഠിക്കുവാൻ വൈദിക യോഗം തീരുമാനം എടുക്കുകയും പിന്നീട് ഇത് ഉചിതമാണെന്ന് മനസിലാക്കിയാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകാം എന്ന് തീരുമാനിക്കുകയും ചെയ്തു.
3. EWS സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള മാനദണ്ഡങ്ങളെപ്പറ്റി ചർച്ച നടന്നു. അപേക്ഷകൻ ജനറൽ കാറ്റഗറിയിൽപ്പെട്ടിരിക്കണം, കുടുംബത്തിന്റെ വാർഷിക വരുമാനം എട്ട് ലക്ഷം കവിയരുത്, തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഈ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ സാധിക്കുകയുള്ളു. വില്ലേജ് ഓഫീസർ മുഖേനയോ ഈ ഡിസ്ട്രിക്ട് പോർട്ടൽ / അക്ഷയ സെന്റർ വഴിയോ അപേക്ഷിക്കാം.
4. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി ചർച്ച നടന്നു: കുട്ടികളുടെ ജാതി ചേർക്കുന്നത് മാതാപിതാക്കളുടെ ജാതി പ്രകാരമാണ്. ഇപ്പോൾ മാതാപിതാക്കളുടെ ജാതി RC എന്നോ, RCSC എന്നോ SC എന്നോ ആണ്. അതിനാൽ ഇവ സീറോ മലബാർ സിറിയൻ കാത്തലിക്ക് തന്നെയാണണന്നതിന് വില്ലേജ് ഓഫീസർ One & the Same സർട്ടിഫിക്കറ്റ് നൽകണം. ഇതിന് സർക്കാർ വിജ്ഞാപനം വേണം. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് ഒരു പരിഹാരമായി സീറോ മലബാർ സിറിയൻ കാത്തലിക്ക് ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം ഇറക്കേണ്ട ആവശ്യത്തെപ്പറ്റിയും ചർച്ച നടന്നു. പ്രായോഗികമായ നിരവധി പ്രശ്നങ്ങൾ പരിഹരിക്കാതെ ജാതി പേര്

മാറ്റി ചേർക്കണം എന്ന് പറയുന്നത് പല വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നും യോഗം വിലയിരുത്തി.

5. ബയോവിൻ ഡിപ്പാർട്ടുമെന്റിന്റെ പുതിയ സംരംഭമായ സിഗ്വിയുടെ പ്രവർത്തനങ്ങളെപ്പറ്റി ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ ബഹു. രജീഷ് കറുത്തേടത്ത് അച്ചൻ വിവരിച്ചു. സ്ത്രീകളുടെ ശക്തീകരണം ലക്ഷ്യം വെച്ച് ആരംഭിച്ച സംരംഭമാണ് സിഗ്വി. മായം ചേർക്കാത്ത കറിപൗഡറുകൾ, വിവിധ പൊടികൾ എന്നിവ ഇതിലൂടെ ലഭ്യമാക്കുന്നു. ക്രിസ്തുമസ്സ് കേക്കുകളുടെ വിപണനവും ആരംഭിച്ചിരിക്കുന്നതായി അറിയിച്ചു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.
6. മീഡിയ കമ്മീഷൻ ഡയറക്ടർ ബഹു. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചൻ സിസിലിയ 2K25 ഗ്രാന്റ് ഫിലാനയിലേയ്ക്ക് എല്ലാ അച്ചന്മാരെയും ക്ഷണിക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.
7. കെ. സി. വൈ. എം. സംഘടനയുടെ തെരഞ്ഞെടുപ്പ് വരുന്ന സാഹചര്യത്തിൽ സംഘടനയെ നയിക്കുവാൻ നല്ല നേതൃത്വഗുണമുള്ളവരെ ഇടവകകളിൽ നിന്ന് കണ്ടെത്തുവാൻ പരിശ്രമിക്കണമെന്ന് രൂപതാ ഡയറക്ടർ ബഹു. സാന്റോ അമ്പലത്തറ അച്ചൻ അഭ്യർത്ഥിച്ചു.
8. ദ്വാരകയിൽ പ്രവർത്തിക്കുന്ന മാനന്തവാടി രൂപതാ സീയോൻ ധ്യാനകേന്ദ്രം 2025 ഡിസംബർ 1 മുതൽ ബോയ്സ് ടൗണിലേക്ക് മാറ്റുന്നതായി ധ്യാനകേന്ദ്രത്തിന്റെ ഡയറക്റ്റർ ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചൻ അറിയിക്കുകയും പുതിയ ധ്യാനകേന്ദ്രത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിന് എല്ലാവരേയും ക്ഷണിക്കുകയും ചെയ്തു.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. ജൂബിലിയും കുടുംബ നവീകരണ വർഷവും സമാപിക്കുന്ന ഈ അവസരത്തിൽ തുടങ്ങിവച്ച പരിപാടികൾ കൂടുതൽ ഉണർവോടെ തുടരണമെന്നും അങ്ങനെ വിശ്വാസത്തിന്റെ പങ്കുവെയ്ക്കൽ നമ്മുടെ കൂട്ടായ്മയിൽ നടക്കണമെന്നും ഓർമ്മിപ്പിച്ചു. വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചയിൽ പിതാവ് നേതൃത്വം കൊടുക്കുകയും ചെയ്തു. സിഞ്ചെല്ലൂസ് ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ യോഗത്തിനു നന്ദിപറയുകയും പ്രാർത്ഥനയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസിലർ

## മതബോധനരംഗം

**HM Conference**

2025-26 വർഷത്തിലെ രണ്ടാമത്തെ HM Conference 2025 ഡിസംബർ 20-ാം തീയതി രാവിലെ 10 മണി മുതൽ ദ്വാരക സീയോൻ ഹാളിൽ വച്ച് നടത്തപ്പെട്ടു. സി. ആൻസി സി.എം.സി. പ്രാർത്ഥന യ്ക്ക് നേതൃത്വം നൽകി. രൂപതാഡയറക്ടർ ഏവർക്കും സ്വാഗതം ആശംസിച്ചു. 145 പ്രധാനാദ്ധ്യാപകർ യോഗത്തിൽ പങ്കെടുത്തു മോൺ. പോൾ മുണ്ടോളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. അലക്സ് കുഴികണ്ടത്തിൽ ഈ വർഷം പുതുതായി ചാർജ്ജ് എടുത്ത 39 പ്രധാനാദ്ധ്യാപകർക്ക് ഹൃദ്യമായ സ്വാഗതം ആശം സിച്ചു. ജനറാളച്ചൻ അവരെ പൂക്കൾ നൽകി ആദരിച്ചു. ചർച്ച കൾക്ക് രൂപതാ ടീം സെക്രട്ടറി ശ്രീ. ബെന്നി വട്ടക്കാമുളയിൽ നേതൃത്വം നല്കി. ടീമംഗം ശ്രീ. തോമസ് മുണ്ടക്കാതടത്തിൽ യോഗ ത്തിൽ പങ്കെടുത്തവർക്ക് നന്ദിയർപ്പിച്ചു. രൂപതാ ആന്തത്തോടെ യോഗം സമാപിച്ചു.

**ആശംസകൾ**

മാനന്തവാടി രൂപതക്കുവേണ്ടി ഈ വർഷം വൈദിക പട്ടം സ്വീകരിച്ച ജോബിൻ ചിറയിൽപറമ്പിൽ, ജിതിൻ ചേറാടിയിൽ, ജെഫിൻ കോട്ടയ്ക്കുപുറത്ത്, ഷിന്റോ കുളങ്ങര എന്നീ നവവൈ ദികർക്ക് രൂപതാമതബോധന കുടുംബത്തിന്റെ ആശംസകൾ.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 1 -ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 1-ന് ഞായറാഴ്ച രാവിലെ 11 മണിമുതൽ 1.00 മണിവരെ നടത്തു ന്നതാണ്.

**പരീക്ഷാസെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി, അമ്പലവയൽ, മീനങ്ങാടി, തോമാട്ടുചാൽ

| | |
|---|---|
| 2. ചുങ്കക്കുന്ന് ഫൊറോന | - ചുങ്കക്കുന്ന്, കൊട്ടിയൂർ |
| 3. ദ്വാരക ഫൊറോന | - ദ്വാരക |
| 4. കല്ലോടി ഫൊറോന | - കല്ലോടി, മക്കിയാട് |
| 5. കൽപ്പറ്റ ഫൊറോന | - കൽപ്പറ്റ |
| 6. മാനന്തവാടി ഫൊറോന | - കണിയാരം, പോരൂർ |
| 7. മണിമൂളി ഫൊറോന | - മണിമൂളി, പാതിരിപ്പാടം |
| 8. മുള്ളൻകൊല്ലി ഫൊറോന | - മുള്ളൻകൊല്ലി |
| 9. നടവയൽ ഫൊറോന | - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ |
| 10. നിലമ്പൂർ ഫൊറോന | - നിലമ്പൂർ, ഇടിവണ്ണ, പൂക്കോട്ടുംപാടം |
| 11. നീലഗിരി റീജിയൺ | - അരുൾനിലയം, കയ്യൂന്നി, ഊട്ടി, കുന്നലാടി |
| 12. പയ്യമ്പള്ളി ഫൊറോന | - പയ്യമ്പള്ളി, മേരിമാതാ കോളേജ് |
| 13. തരിയോട് ഫൊറോന | - തരിയോട് |

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ കേന്ദ്രത്തിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെയും, പരീക്ഷാകേന്ദ്രങ്ങളിലെ പ്രധാനാദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. പരീക്ഷാനടത്തിപ്പിന് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തേണ്ടത് മേഖലാ ഡയറക്ടറാണ്.

2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.

3. ഒരു ഫൊറോനയിൽ ഒന്നിലധികം സെന്റർ ഉണ്ടെങ്കിൽ ഓരോ സെന്ററിലേക്കും പരീക്ഷ, നടത്തിപ്പിന്റെ ചുമതലക്കാരെ മേഖലാ ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് നൽകണം.

4. മേഖലാ ഡയറക്ടർ / സെക്രട്ടറി എല്ലാ സെന്ററുകളും സജ്ജമാണന്ന് ഉറപ്പാക്കി പരീക്ഷാ സാമഗ്രികൾ സെന്ററിൽ എത്തിക്കണം.

5. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യ പേപ്പറുകൾ നൽകുക.

15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 1.00 മണിവരെയാണ് പരീക്ഷാ സമയം.

6. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

7. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പാക്കറ്റ് സീൽ ചെയ്ത് അന്നുതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം. പിറ്റേദിവസമാണ് എത്തിക്കുന്നതെങ്കിൽ ഉത്തരപേപ്പറുകൾ മേഖലാ ഡയറക്ടറുടെ പക്കലാണ് സൂക്ഷിക്കേണ്ടത്.

8. ആബ്സന്റ് നമ്പറുകളും, പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ടും സെന്റർ ഇൻവിജിലേറ്റർ തയ്യാറാക്കി പ്രത്യേകം കവറിലിട്ട് പേപ്പറുകൾക്കൊപ്പം രൂപതയിൽ ഏല്പിക്കണം.

9. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

10. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

11. തിരുനാളാഘോഷം ഒഴികെ ഏതെങ്കിലും കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്ത കുട്ടികളുണ്ടെങ്കിൽ അവരുടെ വിവരം അന്നുതന്നെ ആ ഇടവകയിലെ പ്രധാനാദ്ധ്യാപകർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Course Certificate Students**

യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി സീലോടുകൂടിയ ആൻസർ ബുക്ക് നൽകരുത്. അവരുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർ തന്നെ മൂല്യനിർണയം നടത്തിയാൽ മതി. ആ മാർക്ക് രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.

**Say Exam**

12-ാം ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽനിന്ന്

കോഴ്സ് സർട്ടിഫിക്കറ്റ്  നൽകുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല.  11-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഏപ്രിൽ ആദ്യം സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**HCC 1 & 2 മൂല്യനിർണയം**

HCC 1 & 2 മൂല്യനിർണയം 2026 ഫെബ്രുവരി 7 -ാം തീയതി ശനിയാഴ്ച്ച മണിമൂളിയിൽ വച്ചും 14 -ാം തീയതി ശനിയാഴ്ച്ച ദ്വാരകയിൽ വച്ചും നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ക്ലാസ്സ് പരീക്ഷ**

2026 ജനുവരി 11 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ, പുതുവൽസരാശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു...നന്മകളും വിജയങ്ങളും ഓർമ്മകളും തിരിച്ചറിവുകളും സമ്മാനിച്ച 2025 വർഷം നമ്മെ കടന്നുപോയി. ലഭിച്ച നന്മകളെ സന്തോഷത്തോടെ സ്വീകരിച്ച് വിലയിരുത്തലുകളും തിരുത്തലുകളുമായി, പുതുപുലരിയുടെ നവോന്മേഷം മനസ്സിലും ഹൃദയത്തിലും നിറച്ചുകൊണ്ട് വിജയക്കൊടി പാറിക്കാൻ ഈ പുതുവർഷം പ്രതീക്ഷയോടെ വരവേൽക്കാം

2025 – ജൂബിലിവർഷവും, കുടുംബനവീകരണ വർഷവും കടന്നുപോകുമ്പോഴും അവിടെ അവസാനിക്കാനുള്ളതല്ല എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് 2026 സീറോ മലബാർ സമുദായ ശക്തീകരണ വർഷാചരണത്തിന് തുടക്കം കുറിക്കുകയാണ്. സമുദായത്തെ സ്നേഹിച്ചുകൊണ്ട് ക്രിസ്തുശിഷ്യരായി നമ്മുടെ കഴിവുകൾ സമുദായത്തിന്റെ നന്മയ്ക്കും ഉന്നതിക്കും വേണ്ടി ഉപയോഗിക്കാനുള്ള അവസരമായി കണ്ടുകൊണ്ട് പ്രേക്ഷിത പ്രവർത്തനങ്ങളാൽ നമ്മളും തയ്യാറാവുകയാണ്. സന്തോഷത്തോടെ സഹകരണത്തോടെ ഒരുമിച്ച് കൈകോർത്തുപിടിച്ച് മുന്നേറാൻ ഈ വർഷത്തെ പ്രവർത്തനങ്ങളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഒരിക്കൽകൂടി പുതുവർഷത്തിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം നേർന്നുകൊണ്ട്,

**സന്തോഷച്ചൻ**

**ക്രിസ്തുമസ് യാത്രയിൽ...**

ദൈവം മനുഷ്യനായി ഒരുക്കിയ കരുതലിന്റെ പുണ്യവസന്തം ‘ക്രിസ്തുമസ്’. ആ ക്രിസ്തുമസ് യാത്രക്ക് തുടക്കം കുറിച്ചുകൊണ്ട് ഡിസംബർ 1 മുതൽ 25 വരെ എല്ലാ ദിവസവും വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു. സംസ്ഥാന ബൈബിൾ കലോൽസവത്തിൽ പ്രസംഗത്തിൽ പങ്കെടുത്തവരാണ് പരിപാടി അവതരിപ്പിച്ചത്.

**തിരുനാഥനെ കാത്ത്**

*തിരുനാഥനെ കാത്ത്* എന്നപേരിൽ തിരുബാലസഖ്യം കുട്ടികളെ ഉൾപ്പെടുത്തി പാട്ടും സന്ദേശവും ഉൾക്കൊള്ളുന്ന വീഡിയോ ഷെയർ ചെയ്തു.

**തിരുനാൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ ഉപമദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് സേവ്യരുടെ തിരുനാൾ ദിനത്തിലും, പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനത്തിലും ആശംസകൾ അറിയിച്ച് പോസ്റ്ററും, സ്റ്റാറ്റസ് വീഡിയോയും ഷെയർ ചെയ്തു.

**ശാഖാ സന്ദർശനങ്ങൾ**

ഡിസംബർ 7 -ന് ബത്തേരി മേഖലയിലെ ശാഖകളിലും, 21 -ന് ചുങ്കക്കുന്ന്, മാനന്തവാടി മേഖലകളിലെ ശാഖകളിലും രൂപതാ നേതൃത്വം സന്ദർശനങ്ങൾ നടത്തി. സന്ദർശനത്തിന് പോയ എക്സിക്യൂട്ടീവ് അംഗങ്ങളെയും, ടീം അംഗങ്ങളെയും എല്ലാ ക്രമീകരണങ്ങളും ചെയ്ത വികാരിയച്ചൻമാരെയും, ജോ. ഡയറക്ടർമാരെയും, ശാഖാ നേതൃത്വത്തെയും നന്ദിയോടെ ഓർക്കുന്നു.

**ബൈബിൾ ഞായർ**

ബൈബിൾ ഞായറിനോടനുബന്ധിച്ച് രൂപതാ തലത്തിൽ ബൈബിൾ 'ട്രഷർ ഹണ്ട്' എന്ന പേരിൽ മൽസരം സംഘടിപ്പിച്ചു. ഓരോ ദിവസവും ഓരോ വിജയികളെ കണ്ടെത്തി സമ്മാനങ്ങൾ നൽകി. രൂപതാതല ബൈബിൾ ഞായർ ആഘോഷം യവനാർകുളം ശാഖയിൽവച്ച് രൂപതാ ഡയറക്ടർ സന്തോഷച്ചന്റെയും, ശാഖ ഡയറക്ടർ സജി കാട്ടാംകോട്ടിലച്ചന്റെയും നേതൃത്വത്തിൽ നടന്നു.

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും തുടർന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള ചർച്ചയ്ക്കുമായി 14-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ മാനേജിംഗ് കമ്മറ്റി ചേർന്നു. രൂപതയുടെയും മേഖലകളുടെയും 6 മാസത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് അവതരിപ്പിച്ചു. എല്ലാ മേഖലകളിൽനിന്നും

പ്രതിനിധികൾ പങ്കെടുത്തു. രൂപതാ പ്രസിഡണ്ട് ടോണി ചെമ്പോട്ടിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം, രൂപതാ ചാൻസലർ റവ. ഫാ.അനൂപ് കാളിയാനിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ഗ്ലോറിയ 2K25**

രൂപതാതലത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും അംഗങ്ങൾക്കായി കരോൾഗാന മൽസരം ഗ്ലോറിയ 2K25 എന്ന പേരിൽ ഡിസംബർ 28-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. രണ്ടു വിഭാഗത്തിൽ നിന്നും 50 ഓളം ടീമുകൾ പങ്കെടുത്തു. മൽസര വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്ന് മേഖല**

2024-25 പ്രവർത്തന വർഷത്തിൽ നടത്തിയ മികവുറ്റ പ്രവർത്തനങ്ങൾക്ക് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ അംഗീകാരം ഗോൾഡൻ സ്റ്റാർ പുരസ്ക്കാരം കരസ്ഥമാക്കി. സംസ്ഥാന സാഹിത്യ മൽസരത്തിൽ ക്രിസ്റ്റോ വടക്കേക്കര ഒറ്റപ്ലാവ് ശാഖ സൂപ്പർ സീനിയർ വിഭാഗം കവിതാ രചന മൽസരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും, ബൈബിൾ കലാമൽസരത്തിൽ മരിയ വലിയ വീട്ടിൽ അടയ്ക്കാത്തോട് ശാഖ സീനിയർ ഗേൾസ് പ്രസംഗ മൽസരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും, കലോൽസവത്തിൽ പങ്കെടുത്ത 12 പേർ വിവിധ ഗ്രേഡുകളും കരസ്ഥമാക്കി.

**ശാഖാ വാർത്തകൾ**

**വാഴവറ്റ**

സകല മരിച്ചവരുടെയും സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിച്ചു. സെമിത്തേരി വൃത്തിയാക്കി. സാധിക്കുന്ന ദിവസങ്ങളിൽ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. തിരുബാലസഖ്യ മേഖല മത്സരത്തിൽ ശാഖയിലെ 28 കുട്ടികൾ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കി. ക്വിസ് കോമ്പറ്റിഷൻ നടത്തി.

**കല്ലോടി**

മതാധ്യാപക ദിനത്തിൽ എല്ലാ അധ്യാപകർക്കും വേണ്ടി വീഡിയോ ഉണ്ടാക്കുകയും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്തു. സൺഡേസ്ക്കൂൾ കുട്ടികൾക്കായി നടത്തിയ

സിസീലിയ മൽസരത്തിൽ 2–ാം സ്ഥാനം കരസ്ഥമാക്കി. സൺഡേ സ്റ്റാർ, മിഷൻ സ്റ്റാർ, ബൈബിൾ സ്റ്റാർ തിരഞ്ഞെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകി. ആർമി ഓഫ് ജീസസിലെ കുട്ടികൾ നവംബർ മാസത്തിലെ ഓരോ ആഴ്ച 5 പേർ വീതം പള്ളിയിലെ എല്ലാ കാര്യങ്ങളും കൃത്യമായി ക്രമീകരിച്ചു.

**ഏലപ്പീടിക**

ക്രിസ്തുരാജന്റെ തിരുനാളിന് റാലി നടത്തി. രോഗീസന്ദർശനം നടത്തി. സെമിത്തേരി സന്ദർശനം നടത്തി മരിച്ചവിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിച്ചു. വിശുദ്ധ കുർബാനയുടെ ക്ലാസ് കുട്ടികൾക്ക് നൽകി.

**മൺവയൽ**

മരിച്ചവിശ്വാസികളുടെ ഓർമ്മ ദിനത്തിൽ മിഷൻലീഗ് അംഗങ്ങൾ ദിവ്യബലിയിൽ സംബന്ധിക്കുകയും സെമിത്തേരി സന്ദർശിക്കുകയും സകല മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ലഹരിവിരുദ്ധ മാസമായി നവംബർ മാസം ആചരിച്ചു. ലഹരിവിരുദ്ധ ക്വിസ് മൽസരം നടത്തി. ശാഖാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ കുട്ടികൾക്ക് ലഹരിക്കെതിരായ വിവരങ്ങളും ആശയങ്ങളും അടങ്ങിയ ലീഫ്ലെറ്റ് പ്രിന്റ്ചെയ്ത് കൊടുത്തു. കുട്ടികൾക്ക് വചന പരീക്ഷ നടത്തി.

**പുതിയിടംകുന്ന്**

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ സെമിത്തേരി വൃത്തിയാക്കുകയും, സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. മതാധ്യാപക ദിനത്തിൽ മതാധ്യാപകരെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ശിശുദിനത്തിൽ കുട്ടികൾക്ക് മധുരം നൽകുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു.

**നടവയൽ**

ചെറുപുഷ്പ മിഷൻലീഗ് നടവയൽ ശാഖയുടെ നേതൃത്വത്തിൽ ക്രിസ്തുമസിന് ഒരുക്കമായി നക്ഷത്ര നിർമ്മാണം, ക്രിസ്തുമസ് കാർഡ് നിർമ്മാണം, ക്രിസ്തുമസ് സന്ദേശ രചന തുടങ്ങിയ മൽസരങ്ങൾ സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവരെയും ആദരിച്ചു. വിശുദ്ധ ഫ്രാൻസീസ് സേവ്യരുടെ തിരുനാൾ ദിനത്തിൽ അസാധാരണ സമ്മേളനവും പൊതുദിവ്യകാരുണ്യ സ്വീകരണവും

നടത്തി. ഇടവകയിൽ വച്ച് നടത്തപ്പെട്ട ഫാ. ജോസഫ് തൊണ്ടി പ്പറമ്പിൽ ഫാമിലി ബൈബിൾ ക്വിസിൽ കുഞ്ഞു മിഷനറിമാർ പങ്കെടുത്തു.

**തൃശ്ശിലേരി**

ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും വിശുദ്ധ കുർബാ നയിൽ പങ്കുകൊണ്ട കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി മിഷൻലീഗ് സംഘടനയുടെ നേതൃത്വത്തിൽ മതാധ്യാപക ദിനം ഭംഗിയായി സംഘടിപ്പിച്ചു.

**ചുള്ളിയോട്**

മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. സെമിത്തേരി സന്ദർശിക്കുകയും പൂർവ്വികർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**തേനേരി**

ശിശുദിനാഘോഷങ്ങളോടനുബന്ധിച്ച് കുഞ്ഞുങ്ങളെ സമർ പ്പിച്ച് അരമണിക്കൂർ ആരാധന നടത്തി. വി. സിസിലി പുണ്യവതി യുടെ തിരുനാൾ ദിനത്തിൽ ഗായക സംഘത്തെ ആദരിച്ചു. രാജാധി രാജനായ ഈശോയ്ക്ക് സർവ്വ മഹത്വം നൽകി രാജാക്കൻമാരുടെ രാജാവേ എന്ന ഗാനം മിഷൻലീഗ് അംഗങ്ങൾ ഉച്ച സ്വരത്തിൽ ആലപിച്ചു. ഉണ്ണിയേ വരവേൽക്കാം....സുകൃതജപം, നിയോഗം, പ്രവർത്തി, പോസ്റ്റർ നിർമ്മിച്ച് ഷെയർ ചെയ്തു. വി. ഫ്രാൻസീസ് സേവ്യരുടെ തിരുനാൾ ദിനത്തിൽ അസാധാരണ സമ്മേളനം നടത്തി.

**പാതിരിപ്പാടം**

മതാധ്യാപക ദിനം ആഘോഷിച്ചു. വിശുദ്ധ ഫ്രാൻസീസ് സേവ്യറിനെ പരിചയപ്പെടുത്തി.

**ബോസ്പാറ**

മുതിർന്ന മിഷൻലീഗ് അംഗങ്ങളുടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനാനുഭവങ്ങൾ പങ്കുവെയ്ക്കുന്ന ഷെയറിംഗ് സെഷൻ ശാഖയിൽ സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ദിനാചരണം നടത്തി. പ്രാർത്ഥനാദിനം ആചരിച്ചു. ഈശോയുടെ രാജത്വ തിരുനാളി നോടനുബന്ധിച്ച് പ്രഘോഷണ റാലി നടത്തി. മതാദ്ധ്യാപക ദിന ത്തോടനുബന്ധിച്ച് മതാധ്യാപകരെ ആദരിച്ചു.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

## തിരുബാലസഖ്യം

'കർത്താവിന് യോജിച്ചതും അവിടുത്തേയ്ക്കു തികച്ചും പ്രീതി ജനകവുമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ.' (കൊളോ: 1-10) കാലത്തിന്റെ മറ്റൊരു പുത്തൻ അധ്യായത്തിലേക്ക് നമ്മൾ ഒരുമിച്ച് കടക്കുകയാണ്. പിന്നിട്ട വർഷം നമ്മെ പലതും പഠിപ്പിച്ചു. സഹനവും പ്രതീക്ഷയും വിജയവും അനുഗ്രഹങ്ങളും. ഓരോ അനുഭവവും നമ്മെ കൂടുതൽ ശക്തരാക്കി, കൂടുതൽ മനുഷ്യരാക്കി. എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ നേരുന്നു. ശാന്തിയുടെയും സ്നേഹത്തിന്റെയും ആഘോഷത്തിന്റെയും നക്ഷത്രങ്ങൾ മാനത്ത് വിരിയുന്ന ഡിസംബർ മാസത്തിൽ ഉണ്ണീശോയെ തങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുന്നതിനായി ശാഖാതലത്തിൽ കുഞ്ഞുമക്കൾ ക്രിസ്തുമസ് കാർഡ് നിർമ്മാണം നടത്തുകയും, തങ്ങളുടെ ഭവനങ്ങളിൽ പുൽക്കൂടുകൾ ഒരുക്കുകയും ചെയ്തു. ഉണ്ണീശോയ്ക്ക് ഒരു സമ്മാനമായി പാവപ്പെട്ട മക്കളെ സഹായിക്കുകയും ചെയ്തു. ഡിസംബർ 13 -ന് കല്ലോടി മേഖലയിൽ തിരുബാലസഖ്യ കലാമൽസരം നടത്തപ്പെട്ടു. അതോടൊപ്പം ഗ്ലോറിയ കരോൾ ഗാന മൽസരം രൂപതാതലത്തിൽ നടത്തപ്പെട്ടു.

**ജനുവരി മാസത്തിലെ പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| വിശുദ്ധൻ | : | വിശുദ്ധ ഡോൺ ബോസ്കോ |
| തിരുനാൾ | : | ദനഹാതിരുനാൾ |
| നിയോഗം | : | നവവൈദികർക്ക് വേണ്ടിയും, മിഷനറി മാർക്ക് വേണ്ടിയും |
| സുകൃതജപം | : | ദൈവമേ അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണമെ. |
| വചനം | : | 'ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക.' (ലൂക്കാ 8:50) |

**പ്രവർത്തനങ്ങൾ**

1. തിരുവചനം പഠിച്ച് കാണാതെ പറയുക. ഏറ്റവും കൂടുതൽ വചനം പറയുന്നവർക്ക് ശാഖാ തലത്തിൽ സമ്മാനങ്ങൾ നൽകുക.

2. ബൈബിൾ കഥ പറയൽ മൽസരം ശാഖാതലത്തിൽ നടത്തുക.
3. ഇടവകയിൽ തിരുബാലസഖ്യ കുട്ടികൾക്കായി നടത്തിയ വിവിധ പരിപാടികളും കലാസൃഷ്ടികളും (കഥ, കവിത, ചിത്രങ്ങൾ) ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കുക. അത് ജനുവരി അവസാന ആഴ്ചയിൽ രൂപതയിൽ എത്തിക്കുക. അതിൽ നിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

**ജോണി കൊന്നയിൽ**
സെക്രട്ടറി

# കെ. സി. വൈ. എം

**സ്ഥാപക ദിനം**

മാനന്തവാടി രൂപതാ കെ. സി. വൈ. എം. പ്രസ്ഥാനത്തിന്റെ 31-ാം വാർഷിക ദിനം. കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിശ്വാസം കൊണ്ടും കർമ്മം കൊണ്ടും നേരിടാൻ നമ്മെ പ്രാപ്തരാക്കിയ, വിശ്വാസവഴികളിൽ യുവത്വത്തിന് എന്നും കരുത്തേകിയ മഹത്തായൊരു പ്രസ്ഥാനത്തിന്റെ ഭാഗമാണ് നാം. കടന്നുപോയ വഴികളിൽ സേവനങ്ങൾ നൽകിയവരെയും, ഈ പ്രസ്ഥാനത്തിനായി വിയർപ്പൊഴുക്കിയവരെയും ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.

**സംസ്ഥാന കലാമത്സരം**

എറണാകുളം തൃക്കാക്കരയിൽ വച്ച് നടന്ന കെ.സി.വൈ.എം. സംസ്ഥാന കലാമത്സരത്തിൽ രൂപതയിൽ നിന്ന് പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**വിജയികളായവർ**

| | | |
|---|---|---|
| കവിത രചന | : | 1st മരിയ സാന്ദ്ര (കല്ലോടി) |
| കഥാ രചന | : | 1st അലീന ഇല്ലിക്കൽ (ചുള്ളിയാന), മരിയ സാന്ദ്ര 2nd (കല്ലോടി) |
| നോട്ടീസ് രചന | : | 2nd ടിനു കൈതമറ്റം(തേനേരി) |
| മുദ്രാവാക്യ രചന | : | 3rd സാന്ദ്ര കളപുരക്കൽ (പോരൂർ) |
| പ്രസംഗം | : | B GRADE ഡാനിയേൽ പൂവൻ (പയ്യമ്പള്ളി), B GRADE നിയ മരിയ മേലേപെരുമ്പള്ളി (പാൽചുരം) |
| ലളിതഗാനം | : | B GRADE ഓസ്റ്റിൻ ചിറ്റിനപ്പിള്ളി (ബത്തേരി) |
| മിമിക്രി | : | B GRADE ജിനു പിട്ടാപ്പിള്ളി (നീലഗിരി) |
| മോണോ ആക്ട് | : | 2nd A GRADE ജീവിത ജ്യോതി (കണിയാരം), A GRADE അലൻ ടോം ജോസ് (കണിയാരം) |

സ്പോട്കൊറിയോ: 1st A GRADE ജീവിത ജ്യോതി (കണിയാരം),

B GRADE ജിഷ്ണു മുളകുടിയാങ്കൽ (തരിയോട്)

തെരുവുനാടകം : A GRADE (കണിയാരം യൂണിറ്റ്)

മൈം : B GRADE (മീനങ്ങാടി യൂണിറ്റ്)

നാടൻപാട്ട് : 2nd A GRADE (കണിയാരം യൂണിറ്റ്)

ഡിബേറ്റ് : B GRADE ആഷ്ന വിൽസൺ (മീനങ്ങാടി) ഡാനിയേൽ പൂവൻ (പയ്യമ്പള്ളി)

**ക്രിസ്തുമസ് ചിന്തകൾ**

റേഡിയോ മാറ്റൊലിയിൽ 'സന്മനസുള്ളവർക്ക് സമാധാനം' എന്ന പരിപാടിയിൽ ടെസ്സിൻ വയലിൽ (സംസ്ഥാന സിൻഡിക്കേറ്റ് അംഗം), റ്റിജിൻ വെള്ളപ്ലാക്കിൽ (സെനറ്റ് അംഗം), ആഷ്ന വിൽസൺ (വൈസ് പ്രസിഡന്റ്), എന്നിവർ ക്രിസ്തുമസ് സന്ദേശങ്ങൾ നൽകി.

**വാർഷിക സെനറ്റ്**

രൂപത വാർഷിക സെനറ്റ് സമ്മേളനവും, 2026 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2026 ജനുവരി 2-ന് ദ്വാരക കോർപ്പറേറ്റ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. മേഖല ഭാരവാഹികളും സിൻഡിക്കറ്റ് അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**ജന്മദിനാശംസകൾ**

രൂപതാ ഡയറക്ടർ റവ. ഫാ. സാന്റോ അമ്പലത്തറ, രൂപതാ ആനിമേറ്റർ സി. റോസ് ടോം എസ്. എ. ബി. എസ്, രൂപത സിൻഡിക്കേറ്റ് അംഗം ബ്രിട്ടോ വാഴയിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

കെ. സി. വൈ. എം. മുൻ രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേന്റെ സഹോദരൻ ജോബ് പുത്തേന് ആദരാഞ്ജലികൾ.

**യൂണിറ്റ് വാർത്തകൾ**

**തെനേരി**

മാനന്തവാടി രൂപതാ സ്ഥാപനമായ ബയോവിന്നിന്റെ പ്രോഡക്റ്റുകൾ ഇടവകയിൽ ഉള്ളവർക്ക് വിൽക്കുന്നതിന് സഹായിക്കുന്നു. രോഗാവസ്ഥയിലായിരിക്കുന്ന കെ. സി. വൈ. എം. പ്രസിഡന്റ്, കോഡിനേറ്റർ എന്നിവരുടെ പിതാക്കൻമാരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

സണ്ടേസ്കൂൾ ക്ലാസ് മുറികൾ വൃത്തിയാക്കി. ക്രിസ്തുമസിന് ഒരുക്കമായി ക്രിസ്തുമസ് സ്റ്റാർ നിർമ്മിച്ച് പള്ളിയുടെ മുകളിലും പടവിലും സ്ഥാപിച്ചു.

**കൊട്ടിയൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗിൽ മുൻപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തി. ഇടവകയിലെ കിടപ്പുരോഗികളായ ആളുകളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പാതിരിപ്പാടം**

സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ സെമിത്തേരി അലങ്കരിച്ചു. ഇടവകധ്യാനത്തിന് കുടിവെള്ളം നൽകുന്നതിനും അൾത്താര ശുശ്രൂഷ ചെയ്യുന്നതിനും യുവജനങ്ങൾ നേതൃത്വം നൽകി.

**കയ്യൂന്നി**

എല്ലാദിവസവും വിശുദ്ധ കുർബാനയെ തുടർന്ന് സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി.'അമ്മ തൊട്ടിൽ' പഴൂരുള്ള അഗതി മന്ദിരം സന്ദർശിച്ചു. ക്രിസ്തുമസ് കേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും എത്തിച്ചുകൊടുക്കാൻ സഹായിച്ചു. ദേവാലയത്തിൽ വരാൻ സാധിക്കാത്തവർക്ക്, കുമ്പസാരിച്ചു കുർബാന നൽകാൻ യുവജനങ്ങൾ നേതൃത്വം നൽകി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ പ്രായമായവർക്ക് പള്ളിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

ലഹരിക്കെതിരെ പ്രതിരോധം തീർത്ത് കൊണ്ട് ലഹരി വിരുദ്ധ മാസാ ആചരണം വിവിധ പരിപാടികളോടെ ഇടവകകളിൽ സംഘടിപ്പിക്കപ്പെട്ടു. മതബോധന കേന്ദ്രത്തിന്റെ സഹകരണത്തോടെ ഇടവകകളിൽ പ്രവർത്തിച്ച് വരുന്ന ജ്വാല ക്ലബിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. കുട്ടികളിൽക്കൂടി മുതിർന്നവരിലേക്ക് ലഹരിവിരുദ്ധ മനോഭവം എത്തിക്കുവാൻ ജ്വാല ക്ലബിന് സാധിക്കുന്നതിൽ ഏവരേയും അഭിനന്ദിക്കുന്നു.

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിവിധ ഇടവകളിലൂടെ**

**കൊട്ടിയൂർ**

ലഹരിക്കെതിരെ റാലി, ഒരു കയ്യൊപ്പ്, ബോധവത്ക്കരണ സെമിനാർ, വചന വിചിന്തനം ലഹരിക്കെതിരെ ഒരു ഗോൾ എന്നിവ നടത്തി.

**ചുങ്കക്കുന്ന്**

ലഹരിക്കെതിരെ പ്രതിജ്ഞ എടുക്കൽ, കൂട്ടയോട്ടം, ഫ്ളാഷ് മോബ്, ലഘുലേഖ വിതരണം, പ്രസംഗം, ലഹരിക്കെതിരെ കയ്യൊപ്പ് എന്നിവ നടത്തി.

**നിലമ്പൂർ**

ലഹരിക്കെതിരെ പോസ്റ്റർ മത്സരം, ലഹരിക്കെതിരെയുള്ള വചന സന്ദേശ പ്രചരണം, ലഘുനാടകം, ലഹരിക്കെതിരെ കൈ ഒപ്പ് ശേഖരണം പോസ്റ്റർ മത്സരം എന്നിവ നടത്തി.

**അമ്പായത്തോട്**

ലഹരിക്കെതിരെ റാലി, ലഘുനാടകം, ലഘുലേഖ വിതരണം എന്നിവ സംഘടിപ്പിച്ചു.

**നെടുമ്പാല**

ലഹരിക്കെതിരെ കുടുംബ കൂട്ടായ്മ സമ്മേളനത്തിൽ ചർച്ചകൾ, പ്രസംഗം, ആരാധന എന്നിവ നടത്തി.

**രാജു വലിയാറയിൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

ഡിസംബർ മാസം 19 മുതൽ 21 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 95 പേർ പങ്കെടുത്തു. 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹ ഒരുക്ക കോഴ്സ് നടക്കുന്നത് ബോയ്സ് ടൗൺ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ചായിരിക്കും. 2026 ജനുവരി മാസത്തിൽ 9, 10, 11 തീയതികളിലും, ഫെബ്രുവരി മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 13, 14, 15 തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

**സാഹിത്യ ഫെസ്റ്റ് 2k25**

മാതാക്കളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരം ഒരുക്കിയ സാഹിത്യ ഫെസ്റ്റ് 2k25 യൂണിറ്റ് തലത്തിലും മേഖലാതലത്തിലും വിജയകരമായി നടപ്പിലാക്കി. നവംബർ 2 ന് ഓരോ മേഖലയിലും വച്ച് നടന്ന സാഹിത്യ ഫെസ്റ്റിന് മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി. കഥ, കവിത, ഉപന്യാസം, പെൻസിൽ ഡ്രോയിങ്, കാർട്ടൂൺ എന്നീ ഇനങ്ങളിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവരിൽ നിന്ന് രൂപതാതല വിജയികളെ കണ്ടെത്തി. വിജയികൾക്ക് വാർഷികാഘോഷത്തിൽ വച്ച് മെമെന്റോ നൽകി.

**മേഖലാ സന്ദർശനം**

മാതാക്കളെ ശക്തിപ്പെടുത്തുന്നതിനും മേഖലയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുമായി രൂപതാ ടീം നവംബർ 17 മുതൽ 26 വരെ രൂപതയിലെ 13 മേഖലകളിലും സന്ദർശനം നടത്തി.

**മാതൃസ്പന്ദനം 2025**

നവംബർ 29 -ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മാതൃവേദി മാനന്തവാടി രൂപത വാർഷികാഘോഷവും ജനറൽ ബോഡി മീറ്റിങ്ങും മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതയിലെ 162 ഇടവകകളിൽനിന്ന് മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ സമ്മേള

നത്തിൽ പങ്കെടുത്തു. സമ്മേളനത്തിൽ മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ മാതൃവേദി ഡയറക്ടർ ഫാ.ബെന്നി താണിക്കൽ പ്രവർത്തന മാർഗരേഖ 'മാതൃവഴികൾ 2025' പ്രകാശനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ഇമ്മാനുവൽ വടക്കേൽ, ഗ്ലോബൽ ട്രഷറർ ബ്രില്ലി അന്ന കേളങ്ങാട്ടിൽ, മേഖലാ ഡയറക്ടർമാരുടെ പ്രതിനിധി ഫാ. ബിനോയ് കാശാംകുറ്റിയിൽ, മേഖലാ ആനിമേറ്റർ പ്രതിനിധി സി. ബെൻസി എസ്. എച്ച്, സെനറ്റ് അംഗം സിൽവി എഴുമായിൽ, രൂപതാ ആനിമേറ്റർ സി. ഷോളി എസ്. കെ. ഡി, സെക്രട്ടറി മോളി പുഞ്ചയിൽ, ട്രഷറർ എൽസമ്മ കാഞ്ഞിരംതൊട്ടിയിൽ എന്നിവർ പ്രസംഗിച്ചു. യുവ സംരംഭകത്വത്തിനുള്ള സംസ്ഥാനതല അവാർഡ് നേടിയ മാതൃവേദി അംഗമായ പ്രിയ ജിനേഷ് മാവറയെ മാർ അലക്സ് താരാമംഗലം പിതാവ് മെമെന്റോ നൽകി ആദരിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 20 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജനുവരി 13.

**മേഖല വാർത്തകൾ**

**തരിയോട്**

സെമിത്തേരി സന്ദർശനം നടത്തി. രൂപതാ ടീം മേഖലാ സന്ദർശനം നടത്തി. രൂപതാ വാർഷികത്തിൽ എല്ലാ യൂണിറ്റിൽ നിന്നും അമ്മമാർ പങ്കെടുത്തു. വാർഷിക സമ്മേളനത്തിൽ തരിയോട് മേഖല രംഗപൂജ അവതരിപ്പിച്ചു. 2024 -25 വർഷത്തെ പ്രവർത്തനങ്ങൾക്ക് എ ഗ്രേഡ് ലഭിച്ചു.

**നടവയൽ**

നവംബർ ഒന്നാം തീയതി മുതൽ മുപ്പതാം തീയതി വരെ വണക്കമാസ പ്രാർത്ഥന ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. ശിശുദിനത്തിൽ എല്ലാ യൂണിറ്റുകളും കുട്ടികളെ ആദരിച്ചു. മതാധ്യാപക ദിനത്തിൽ എല്ലാ യൂണിറ്റുകളും ഇടവകയിലെ മതാധ്യാപകരെ ആദരിച്ചു. രൂപതാ എക്സിക്യൂട്ടീവ് നടവയൽ മേഖല സന്ദർശിച്ചു. ദിവ്യകാരുണ്യ ആരാധന കുട്ടികൾക്കായി നിയോഗം വെച്ച് നടത്തി.

**ദ്വാരക**

മേഖലാ തലത്തിൽ നടന്ന സാഹിത്യ മത്സരത്തിൽ യൂണിറ്റുകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. രൂപതാ തലത്തിൽ കഥാ രചന

യിൽ, ശോഭിത പുഞ്ചയിൽ, ഉപന്യാസം ജോഷ്‌ലി മുങ്ങാട്ടിൽ എന്നിവർ സമ്മാനാർഹരായി. രൂപതാ വാർഷികത്തിന് തലേദിവസം മേഖല യിൽ നിന്നും അമ്മമാർ സഹായിച്ചു. വാർഷിക ദിവസം എല്ലാ യൂണിറ്റു കളിൽ നിന്നും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

**റൂബിനഗർ**

സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖല ടീം യൂണിറ്റ് സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തി യാക്കി. പെയിൻ & പാലിയേറ്റിവ് പ്രവർത്തനത്തിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. വിയാനിഭവൻ സന്ദർശിച്ചു. മതാധ്യാപക ദിനത്തിൽ മതാദ്ധ്യാപകരെ ആദരിച്ചു. പള്ളിയിലേയ്ക്ക് കുർബ്ബാന തിരിയും ഗ്ലോബുകളും അൾത്താര വിരികളും അമ്മമാർ വാങ്ങി നൽകി. മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**ബോസ്പാറ**

നടവയലിൽ സി. എം. സി. സിസ്റ്റേഴ്സ് നടത്തുന്ന ഓൾഡേജ് ഹോം സന്ദർശിച്ച് ക്ലീനിംഗിനും ഭക്ഷണത്തിനും ആവശ്യമായ സാധ നങ്ങൾ നൽകി. നടവയൽ തീർത്ഥാടന കേന്ദ്രത്തിലേക്കു തീർത്ഥാട നവും, ബാണാസുരസാഗർ ഡാമിലേക്ക് ഔട്ടിംഗും നടത്തി. വിയാനി ഭവനിലെ അച്ചന്മാരെ സന്ദർശിച്ചു.

**പൂളപ്പാടം**

പ്രായാധിക്യത്താലും രോഗത്താലും ഭവനങ്ങളിൽ കഴിയുന്നവരെ പള്ളിയിൽ കൊണ്ടുവന്നു. വൃദ്ധസംഗമം നടത്തി. സ്നേഹവിരുന്ന് നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ലഹരിവിരുദ്ധ സന്ദേശ പ്രചര ണാർത്ഥം റാലി നടത്തി. സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. മേഖലാ സാഹിത്യ ഫെസ്റ്റിൽ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി. ജീവകാരുണ്യ ഫിലേക്ക് സംഭാവന സ്വീകരിച്ചു. 1000/- രൂപ രോഗീ സഹായമായി നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മരണവീട് സന്ദർശനം നടത്തി.

**കളത്തുവയൽ**

വിളക്കന്നൂർ പള്ളിയിലേക്ക് തീർഥാടനം നടത്തി. എക്സിക്യൂ ട്ടീവ് മീറ്റിംഗ് കൂടി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ

നടത്തി. ഡിഷ് വാഷ് നിർമ്മാണം നടത്തി. പള്ളിയിൽ വിൽപ്പന നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**കബനിഗിരി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. അസീസി പബ്ലിക്കേഷൻസിന്റെ പുസ്തക പ്രകാശനത്തിൽ സഹകരിച്ചു. മേഖലാ വാർഷികത്തിൽ 15 പേർ പങ്കെടുത്തു. കോൽക്കളി അവതരിപ്പിച്ചു. മുള്ളൻകൊല്ലി മേഖലയിൽ മികച്ച യൂണിറ്റിനുള്ള മെമെന്റോ ഏറ്റുവാങ്ങി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രൂപതാ വാർഷികത്തിൽ 10 പേർ പങ്കെടുത്തു. കൊയ്ത്തു പാട്ട്-ഡാൻസ് അവതരിപ്പിച്ചു. പള്ളിയും പരിസരങ്ങളും, സിമിത്തേരിയും വൃത്തിയാക്കി.

**വടപുറം**

വിളക്കന്നൂർക്ക് തീർത്ഥാടനം നടത്തി. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ശിശുദിനത്തിൽ മോണ്ടിസോറി കുട്ടികൾക്ക് മധുരം നൽകി. മേഖല സാഹിത്യ മത്സരങ്ങൾക്ക് അമ്മമാർ പങ്കെടുത്തു. മതാധ്യാപക ദിനത്തിൽ അധ്യാപകർക്ക് ആശംസകൾ അർപ്പിച്ചു. രൂപതാ വാർഷികത്തിൽ അമ്മമാർ പങ്കെടുത്തു. വിയാനി ഭവനം സന്ദർശിച്ചു.

**സീതാമൗണ്ട്**

സകല വിശുദ്ധരുടെയും മരിച്ചവരുടെയും തിരുനാൾ ആഘോഷിച്ചു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. സാഹിത്യ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. മേഖലാ വാർഷികം സീതാമൗണ്ടിൽ വച്ചു നടത്തി. ഭവന സന്ദർശനം നടത്തി.

**പാതിരിപ്പാടം**

സകല മരിച്ചവരുടെയും തിരുനാളിന് ഒരുക്കമായി സെമിത്തേരി വൃത്തിയാക്കി. മേഖലയിൽ സാഹിത്യ മത്സരത്തിന് 7 പേർ പങ്കെടുത്തു. മതാധ്യാപക ദിനം ആചരിച്ചു. പോസ്റ്റർ നിർമ്മിച്ച് മേഖലയ്ക്കും മതധ്യാപകർക്കും ആശംസകൾ നേർന്നു. വിശുദ്ധരെ പരിചയപ്പെടുത്തി. എക്സിക്യുട്ടീവ് കൂടി. സിഗ്വി മസാലപൊടി വിപണനം നടത്തുന്നു. പള്ളിയും, പരിസരവും വൃത്തിയാക്കി.

**കോട്ടത്തറ**

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. മേഖലാ സന്ദർശനത്തിന് വന്ന

രൂപതാ ടീമിനെ സ്വീകരിച്ചു. മേഖലാതല സാഹിത്യം മത്സരത്തിൽ യൂണിറ്റിൽ നിന്നും കവിതയ്ക്ക് പങ്കെടുത്ത മായ മറ്റക്കാട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാ വാർഷികത്തിൽ 5 അംഗങ്ങൾ പങ്കെടുത്തു. വിവിധ മത്സരങ്ങളിൽ പങ്കെടുത്ത വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**പനവല്ലി**

രൂപതാ വാർഷികത്തിൽ അമ്മമാർ പങ്കെടുത്തു. രൂപതാ വിഹിതം നല്കി. സകല മരിച്ചവരുടെയും തിരുനാളിന് സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ഒഴുക്കൻമൂല**

സിമിത്തേരി വൃത്തിയാക്കി മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിച്ചു. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ അമ്മമാർ പങ്കെടുത്തു. വിളക്കന്നൂരിലേക്ക് തീർത്ഥാടനം നടത്തി. ഒരു പുതിയ ചിട്ടി രൂപീകരിച്ചു അതിന് തുടക്കം കുറിച്ചു. ക്രിസ്തുമസ് ആസ്പദമാക്കി ഉപന്യാസം നടത്തി.

**ശിശുമല**

രൂപതാ സാഹിത്യ മത്സരം, മേഖലാ വാർഷികം എന്നിവയിൽ പങ്കെടുത്തു. ശിശുദിനത്തിൽ അംഗനവാടി സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ സംബന്ധിച്ചു വിയാനിഭവൻ സന്ദർശിച്ചു. അച്ചൻമാരുടെ സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. മതാദ്ധ്യാപകദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. മരിച്ച വിശ്വാസികളുടെ വണക്കമാസം ആചരിച്ചു.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. സെമിത്തേരി വൃത്തിയാക്കി. മരണ വീട് സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. 2024 – 25 പ്രവർത്തന വർഷത്തിൽ മാനന്തവാടി മേഖലയിൽ എ ഗ്രേഡ് ലഭിച്ചു. രൂപതാ വാർഷികത്തിൽ 6 പേർ പങ്കെടുത്തു. നവംബർ 1 മുതൽ ദിവസേന ഒരു കരുണക്കൊന്ത വീതം ചൊല്ലി ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു.

**പനഞ്ചിറ**

സെമിത്തേരി അലങ്കരിച്ചു പ്രാർത്ഥിച്ചു. മേഖലാസാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. പഴൂർ സെന്റ് മാത്യൂസ് ഭവൻ സന്ദർശിച്ച് വൃത്തിയാക്കി. കലാപരിപാടികൾ അവതരിപ്പിച്ചു. മാനസീക വെല്ലുവിളി

അനുഭവിക്കുന്ന ചുള്ളിയോട് മേഴ്സി ഹോമിലെ കുട്ടികളെ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു. മാതൃവേദി വാർഷികാഘോഷത്തിൽ പങ്കെടുത്തു.

**പോരൂർ**

സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് അംഗത്തിന്റെ രോഗികളായ മാതാപിതാക്കളെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ച് ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ഒരു ചെറിയ തുക സംഭാവന ചെയ്തു. മേഖലാ വാർഷികം, രൂപതാ വാർഷികം എന്നിവയിൽ പങ്കെടുത്തു. കിടപ്പുരോഗികളെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് കൂടി.

**മരക്കടവ്**

സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. ക്രിസ്ത്യൻ മിനിസ്റ്ററി സെമിനാറിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖലാ മത്സരത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു. രൂപതാ മത്സരത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു.

**കാരക്കാമല**

സകല വിശുദ്ധരുടെയും, സകല മരിച്ച വിശ്വാസികളുടെയും തിരുനാൾ ദിനങ്ങളിൽ അമ്മമാർ ദിവ്യബലിയിൽ സംബന്ധിക്കുകയും സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കുഞ്ഞുങ്ങൾക്ക് വേണ്ടി ചെയിൻ റോസറി നടത്തി. സാഹിത്യ ഫെസ്റ്റ് 2k25 മത്സരത്തിൽ പങ്കെടുത്തു.

**ചോക്കാട്**

ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി മാതൃവേദി അംഗങ്ങൾ കുർബാന ചൊല്ലിച്ചു. വിളക്കന്നൂർ തീർഥാടനത്തിന് പോയി. മേഖലാ വചനം എഴുത്തു മത്സരത്തിൽ പങ്കെടുത്തു. മേഖല സാഹിത്യ ഫെസ്റ്റ് മത്സരങ്ങളിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിന് പോയി. രോഗീ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. രോഗീ സഹായം നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**ഒലിവുമല**

രോഗീസന്ദർശനം നടത്തി. ഇടവക ദിനം കൊണ്ടാടി.

**വാളേരി**

കല്ലോടി സിമിത്തേരി സന്ദർശനം നടത്തി. കോളനി സന്ദർശനം നടത്തി. ശുദ്ധീകരണ ആത്മാക്കളുടെ വണക്കമാസം പ്രാർത്ഥിച്ചു.

ചെയിൻ റോസറി, സാന്താമോനിക്ക, വചന കവചം എന്നിവ നടത്തി. രോഗീസന്ദർശനം നടത്തി. ആശുപത്രിയിൽ ഭക്ഷണമുണ്ടാക്കുന്നതിന് സഹായിച്ചു. എക്സിക്യൂട്ടീവ് കൂടി.

**വാകേരി**

സകലമരിച്ചവരുടെയും തിരുനാൾ ദിനത്തിൽ ഉണ്ണിയപ്പവും പഴവും ശ്രാദ്ധനേർച്ച നൽകി. മതാദ്ധ്യാപക ദിനത്തിൽ ഇടവകയിലെ മതാദ്ധ്യാപകരെ ഉപഹാരം നൽകി ആദരിച്ചു. സ്നേഹതീരം തപോവനത്തിൽ ക്ലീനിങ്ങ് ശുശ്രൂഷ നടത്തി.

**താളിപാടം**

സെമിത്തേരി വൃത്തിയാക്കി. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. വിശുദ്ധരെ പരിചയപ്പെടുത്തി. മാതാധ്യപകരെ ആദരിച്ചു. എക്സിക്യൂട്ടിവ് നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**പട്ടാണികൂപ്പ്**

ശുദ്ധീകരണാത്മാക്കളുടെ വണക്കമാസാചരണം നടത്തി. സിമിത്തേരി സന്ദർശനം നടത്തി പ്രാർത്ഥിച്ചു. ദേവാലയവും സെമിത്തേരിയും വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു.

**പുൽപ്പള്ളി**

ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം ആചരിച്ചു. മേഖലാ വാർഷികത്തിൽ ക്രിസ്തീയ തിരുവാതിര അവതരിപ്പിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മതാധ്യാപകരെ ആദരിച്ചു. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം കൊടുക്കുന്നതിന് സഹായിച്ചു.

**റ്റി. കെ. കോളനി**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. മതാധ്യാപകരെ ആദരിച്ചു സമ്മാനം നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**കൊമ്മയാട്**

മാനന്തവാടി രൂപതയിലെ വൈദികർ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി സന്ദർശിച്ചു. മതാധ്യാപക ദിനത്തിൽ മതാധ്യാപകരുടെ ഭവനങ്ങളിൽ പോയി പൂക്കൾ നൽകി ആദരിച്ചു. രൂപതാ സാഹിത്യ മൽസരത്തിൽ ഉപന്യാസത്തിന് ഒന്നാം സ്ഥാനം നേടി. മാതൃവേദി രൂപതാ വാർഷികത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു. രോഗീസന്ദർശന, അഖണ്ഡ ജപമാല എന്നിവ നടത്തി.

**ഇരുളം**

മേഖലാ വാർഷികത്തിൽ പങ്കെടുത്തു. സെമിത്തേരിയും പള്ളി പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. അംഗൻവാടി സന്ദർശനം നടത്തി. രോഗീ സന്ദർശനം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. വൈദിക രുടെ സെമിത്തേരി സന്ദർശിച്ചു.

**മാർട്ടിൻനഗർ**

വിവിധ നിയോഗങ്ങൾ വെച്ച് തിരുഹൃദയ ജപമാല, കരുണ ക്കൊന്ത, ചെയിൻ റോസറി എന്നിവ ചൊല്ലി. സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. പയ്യമ്പള്ളി മേഖലാ സാഹിത്യമത്സരത്തിൽ അമ്മമാർ പങ്കെടുത്ത് സമ്മാനങ്ങൾ നേടി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി.

**അസംപ്ഷൻ**

മേഖലാ, രൂപതാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. കുടുംബ നവീകരണ വർഷ സമാപനത്തോടനുബന്ധിച്ച് ഇടവകയിൽ നടത്തിയ കലാ മത്സരങ്ങൾക്ക് നേതൃത്വം നൽകി. അഗതിമന്ദിരങ്ങളിൽ പൊതി ച്ചോർ വിതരണം നടത്തി. രോഗീ സന്ദർശനം നടത്തി.

**കുറുമണി**

സെമിത്തേരിയും പരിസരവും വൃത്തിയാക്കി. വണക്കമാസം ഭവനങ്ങളിൽ ചൊല്ലി പ്രാർത്ഥിച്ചു. നടവയൽ ഓൾഡേജ് ഹോം സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് യോഗം നടത്തി.

**കരിമാനി**

ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വായിച്ചു. മേഖലാ സാഹിത്യരചനാ മത്സരത്തിൽ കവിതാ രചനയ്ക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിശുദ്ധരെ പരിചയപ്പെടുത്തി. 2024 – 25 പ്രവർത്തന വർഷത്തിൽ മികച്ച ശാഖയായി എ ഗ്രേഡ് ലഭിച്ചു. ഭക്ഷണമുണ്ടാക്കു ന്നതിൽ സഹായിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കൂടി. ജനറൽ ബോഡി കൂടി.

**പുതുശ്ശേരിക്കടവ്**

കേരളപിറവി ദിനത്തിൽ കേരള ഗാന ആലാപന മത്സരം നടത്തി. വിളക്കന്നൂർ, ചെമ്പേരി ബസിലിക്ക എന്നിവിടങ്ങൾ സന്ദർശിച്ചു.

മതാധ്യാപക ദിനത്തിൽ മതാധ്യാപകർക്ക് മെമന്റോ നൽകി ആദരിച്ചു. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. മേഖലാതല സാഹിത്യ മൽസരത്തിൽ ഇടവകയിൽ നിന്നും 5 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. മേഖലാ വാർഷികത്തിൽ ഗ്രൂപ്പ് ഡാൻസ് അവതരിപ്പിച്ചു. മേഖലയിലെ പ്രവർത്തനങ്ങൾക്ക് എ ഗ്രേഡ് നേടി. മതാധ്യാപക ദിനത്തിൽ അധ്യാപകരെ പൂക്കൾ നൽകി ആദരിച്ചു. രൂപതാ വാർഷികത്തിൽ 14 അംഗങ്ങൾ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ സ്മിത മുണ്ടുനടക്കൽ ആങ്കറിംഗ് നടത്തി. സെമിത്തേരി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പൂക്കോട്ടുംപാടം**

മരിച്ചവരുടെ തിരുനാളിനോടനുബന്ധിച്ച് സിമിത്തേരിയും പരിസരവും വൃത്തിയാക്കി. മേഖലയിൽ ശാഖ എ ഗ്രേഡ് കരസ്ഥമാക്കി. സാഹിത്യ മത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനവും രൂപതയിൽ നിന്ന് രണ്ടാം സ്ഥാനവും ലഭിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മതാധ്യാപകരെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി.

**പ്രശാന്തഗിരി**

സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലയിൽ ശാഖ എ ഗ്രേഡ് കരസ്ഥമാക്കി. മേഖല പുൽക്കൂട് മത്സരം, മാതാവിനെ അലങ്കരിക്കൽ മത്സരം, വചനമെഴുത്ത് മത്സരം എന്നിവയിൽ സമ്മാനങ്ങൾ കരസ്ഥമാക്കി. ക്യാൻസർ രോഗിക്ക് ചികിത്സാ സഹായം നൽകി. രോഗീ സന്ദർശനം നടത്തി.

**തലഞ്ഞി**

സകല മരിച്ചവരുടെ തിരുനാൾ ദിനത്തിൽ സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. മതാധ്യാപകദിനത്തോടനുബന്ധിച്ച് അവരെ ആദരിച്ചുകൊണ്ടുള്ള വീഡിയോ തയ്യാറാക്കി. രൂപതാ വാർഷികത്തിൽ ഇടവകയിൽ നിന്ന് 6 അമ്മമാർ പങ്കെടുക്കുകയും മാർഗ്ഗംകളി അവതരിപ്പിക്കുകയും ചെയ്തു.

**മീനങ്ങാടി**

സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. കുടുംബങ്ങളിൽ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. മതാധ്യാപക ദിനത്തിൽ

അധ്യാപകരെ ആദരിച്ചു. രൂപതാ വാർഷികത്തിൽ 8 അമ്മമാർ പങ്കെടുത്തു. സ്കിറ്റ് അവതരിപ്പിച്ചു.

**നിലമ്പൂർ**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. മേഖല സാഹിത്യമത്സരത്തിൽ പങ്കെടുത്തു. മരിച്ച വിശ്വാസികളുടെ വണക്കമാസം ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്തു. രോഗീ സന്ദർശനം നടത്തി. മതാദ്ധ്യാപക ദിനത്തിൽ അവരെ ആദരിച്ചു. മേഖല ടീം സന്ദർശനം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**നടവയൽ**

ശുദ്ധീകരണാത്മാക്കളുടെ വണക്കമാസ പ്രാർത്ഥന ചൊല്ലി. സെമിത്തേരി സന്ദർശനം നടത്തി മരിച്ച വിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ മെമ്മോറിയൽ ബൈബിൾ ക്വിസിൽ ഇടവകാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. വിശുദ്ധരെ പരിചയപ്പെടുത്തി. ജനറൽബോഡി, എക്സിക്യൂട്ടീവ് യോഗം എന്നിവ കൂടി. മതാധ്യാപകർക്ക് സമ്മാനങ്ങളും പൂക്കളും നൽകി അവരെ ആദരിച്ചു. നവ വൈദികന്റെ തിരുപ്പട്ടത്തിന് സമ്മാനമായി അമ്മമാർ 5500/- രൂപ നല്കി.

**കേളകം**

തെറ്റുവഴിയിലുള്ള മരിയാഭവനിൽ 392 പൊതിച്ചോറുകൾ നൽകി. കാരുണ്യഭവനിൽ ഉള്ള അഗതി മന്ദിരത്തിൽ 2500 രൂപ നൽകി. രോഗികളെ സന്ദർശനം നടത്തി.

**മരകാവ്**

സകല മരിച്ചവരുടേയും തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശിച്ചു. എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. അംഗൻവാടി സന്ദർശിച്ചു. നവോമി സന്ദർശനം നടത്തി. രൂപത ാ വാർഷികത്തിൽ പങ്കെടുത്തു. സാഹിത്യ ഫെസ്റ്റിൽ രൂപത, മേഖല തലത്തിൽ അമ്മമാർ വിജയികളായി.

**പറളിക്കുന്ന്**

നവംബർ ഒന്നാം തീയതി മുതൽ മുപ്പതാം തീയതി വരെ വണക്കമാസ പ്രാർത്ഥന ഗ്രൂപ്പിൽ ഷെയർ ചെയ്തു. സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ സെമിത്തേരി വൃത്തിയാക്കി. മതാധ്യാപക

ദിനത്തിൽ ഇടവകയിലെ അധ്യാപകരെ ആദരിച്ചു. വിയാനി ഭവൻ സന്ദർശിച്ചു ഭക്ഷണം കൊണ്ടുപോയി കൊടുത്തു. രൂപതാ വാർഷിക ത്തിൽ പങ്കെടുത്തു. വിശുദ്ധരെ പരിചയപ്പെടുത്തി.

**വഞ്ഞോട്**

മരിച്ച വിശ്വാസികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന വീടുകളിൽ ചൊല്ലി പ്രാർത്ഥിച്ചു. ഭവന സന്ദർശനം നടത്തി. ദേവാലയ നിർമ്മാണ ധനശേഖരണാർത്ഥം നടത്തിവരുന്ന WSSS സാധനങ്ങൾ അമ്മമാർ വിറ്റു വരവ് നടത്തി. പള്ളിയിലേക്ക് ആവശ്യമായ ചൂല് നിർമ്മിച്ചു നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി.

**യവനാർകുളം**

സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. കോളയാട് സ്നേഹാ ലയം സന്ദർശിച്ച് തുണി അലക്കി കൊടുക്കുകയും 10000/- രൂപ നൽ കുകയും ചെയ്തു. മേഖല വാർഷികത്തിൽ പങ്കെടുത്തു. രൂപതാ വാർഷികത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു. വിളക്ക ന്നൂർ, ചെമ്പേരി ബസലിക്ക എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി.

**പന്തിപ്പൊയിൽ**

സകല മരിച്ചവരുടെയും തിരുനാളിൽ സെമിത്തേരി അടിച്ചുവാരി വൃത്തിയാക്കി പ്രാർത്ഥനകൾ നടത്തി. കുടുംബരൂപ പ്രയാണം ദിനംപ്രതി ഓരോ അമ്മമാരും വീടുകളിലേക്ക് ഏറ്റുവാങ്ങി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മാതൃവേദി എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ**

'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്' (മത്തായി 25:40). ദൈവസ്നേഹം മറ്റുള്ളവർക്ക് പകർന്നു നൽകുവാൻ വിളിക്കപ്പെട്ടവരാണ് സെന്റ് വിൻസെന്റ് ഡി പോൾ പ്രവർത്തകർ. രോഗീ സന്ദർശനം, രോഗീ പരിപാലനം, ഭവന സന്ദർശനം, പ്രതിവാര കൂട്ടായ്മകൾ, പ്രതിമാസ പ്രാർത്ഥന കൂട്ടായ്മകൾ എന്നിവയിലൂടെ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നവർ. സെൻട്രൽ കൗൺസിൽ അംഗങ്ങളുടെ ഏരിയ കൗൺസിൽ സന്ദർശനങ്ങൾ സംഘടനയ്ക്ക് പുതിയ ഉണർവ് പ്രദാനം ചെയ്തിട്ടുണ്ട്. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് വിൻസന്റ് ഡി പോൾ സംഘടനയോടുള്ള കരുതലിനും സ്നേഹത്തിനും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**കല്ലോടി എസി യോഗവും സെമിനാറും**

29-11-2025 ന് കല്ലോടി സെന്റ് ജോസഫ് പള്ളിയുടെ ഓഡിറ്റോറിയത്തിൽ എസി യോഗം ചേർന്നു. കല്ലോടി എ.സി പ്രസിഡന്റ് ബ്രദർ മാത്യൂസ് പുതുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം പ്രാരംഭ പ്രാർത്ഥനയോടെയും ജ്ഞാനവായനയോടെയും ആണ് ആരംഭിച്ചത്. സെന്റ് ജോസഫ് കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ചാക്കോ ചെറുപ്ലാവിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. എ.സി സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. എ.സി ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട ചാണ്ടി പുനക്കാട്ട് അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. ഞാനെന്ന ഭാവം വെടിഞ്ഞ് പാവപ്പെട്ടവരെ തേടി ഇറങ്ങേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. സി.സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ യോഗം ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ ജീവിതത്തിൽ, സ്നേഹ സംഭാഷണങ്ങളുടെയും പ്രാർത്ഥനയുടെയും പ്രാധാന്യം അദ്ദേഹം ഊന്നി പറഞ്ഞു. സി.സി ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ ഓസാനം ഭവന്റെ പ്രവർത്തനങ്ങൾ

വിവരിച്ചു. തുടർന്ന് നടന്ന പൊതു ചർച്ചയിൽ എല്ലാ കോൺഫ്രൻസ് ഭാരവാഹികളും അവരുടെ പ്രവർത്തനങ്ങൾ വിവരിച്ചു. സി.സി പ്രസിഡന്റ് അവർക്ക് വേണ്ട നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി. തുടർന്ന് കൊട്ടിയൂർ എ.സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ നയിച്ച സെമിനാറിൽ, കരുണ, സൗമ്യത, ലാളിത്യം, എളിമ, ആത്മസംയമനം എന്നീ പുണ്യങ്ങളും പ്രാർത്ഥനാ ജീവിതവും വിൻസെൻഷ്യൻ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കി. എ. സി സെക്രട്ടറി ബ്രദർ ബിനു കടുപ്പിൽ എല്ലാവർക്കും നന്ദി അർപ്പിച്ചു. സമാപന പ്രാർത്ഥനയ്ക്ക് ശേഷം സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

**സെൻട്രൽ കൗൺസിൽ, ഓസാനം ഭവൻ ബോർഡ് യോഗം**

13-12-2025 ന് നടവയൽ ഓസാനം ഭവനിൽ വച്ച് സി.സി യുടെയും ഓസാനം ഭവൻ ബോർഡിന്റെയും സംയുക്ത യോഗം നടത്തപ്പെട്ടു. ബ്രദർ ജോർജ് പറമ്പിൽ പ്രാരംഭ പ്രാർത്ഥനയും ബ്രദർ റോയിലൂയിസ് ജ്ഞാനവായനയും നടത്തി. ബ്രദർ ജോണി പാറ്റാനി യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. സി.സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സി.സി യുടെയും ഓസാനം ഭവന്റെയും പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. 2026 ഫെബ്രുവരി പതിനാലാം തീയതി യുവജന സംഗമം നടത്താൻ തീരുമാനിച്ചു. 2026 ഫെബ്രുവരി 28-ന് വനിതാ സംഗമം നടത്താൻ തീരുമാനിച്ചു. 2026 ജനുവരി 19-ന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കാരുണ്യത്തിന്റെ മുഖമായ ഓസാനം ഭവന്റെ സിൽവർ ജൂബിലിയുടെ സമാപനം നടത്താൻ തീരുമാനിച്ചു. അന്നേദിവസം രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് 11:30ന് പൊതുസമ്മേളനവും നടത്തി ഒരു മണിക്ക് സ്നേഹവിരുന്നോടെ ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിക്കാനും തീരുമാനിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ നാഷണൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൾരാജിന്റെ സാന്നിധ്യവും സന്ദേശവും സംഘടനയ്ക്ക് പുതിയ ഉണർവ് നൽകും. സിൽവർ ജൂബിലി സമാപന ആഘോഷങ്ങൾക്ക് വേണ്ടി വിവിധ കമ്മിറ്റി കൺവീനർമാരെ തിരഞ്ഞെടുത്തു.

**വിവിധ കമ്മിറ്റികൾ**

1. വിശുദ്ധ കുർബാന
   ബ്രദർ ജോർജ് പറമ്പിൽ, ബ്രദർ അജി വിരിപ്പാമറ്റം
2. ബ്രദർ കുര്യൻ കരുവള്ളിത്തറ, ബ്രദർ തങ്കച്ചൻ കദളിക്കാട്ട്
3. ശബ്ദം, വെളിച്ചം, അലങ്കാരം
   ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, ബ്രദർ വിൻസെന്റ് റാത്തപ്പള്ളി, നടവയൽ ഓസാനം കോൺഫ്രൻസ് അംഗങ്ങൾ.
4. അതിഥികളെ ക്ഷണിക്കൽ
   ബ്രദർ ഷൈജൻ തടങ്ങഴിയിൽ, ബ്രദർ രാജു വലിയാറ
5. പ്രോഗ്രാം
   സിസ്റ്റർ പ്രിയ തടങ്ങഴിയിൽ
6. പാർക്കിംഗ്
   ബ്രദർ ജോസുകുട്ടി ചാത്തമല
7. റിസപ്ഷൻ
   സിസ്റ്റർ ഹണി മരിയ ഷാജി, സിസ്റ്റർ ബ്രിജീത്ത കൂവക്കൽ, സിസ്റ്റർ ടെസി കറുത്തേടത്ത്
8. ഓസാനം ഭവൻ റിപ്പോർട്ട്
   ബ്രദർ രാജു വലിയാറ, ബ്രദർ രാജു ചൊവ്വാറ്റ് കുന്നേൽ
9. ഭക്ഷണം
   ബ്രദർ റോയി ലൂയിസ്, ബ്രദർ അജി വിരിപ്പാമറ്റം

സി.സി ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഓസാനം ഭവൻ സന്ദർശനം**

23-11-25 ന് നെടുമ്പാല സെന്റ് തോമസ് & സെന്റ് മേരീസ് കോൺഫ്രൻസുകൾ സന്ദർശനം നടത്തി. 6-12-25 ന് പാടിച്ചിറ എസി യിലെ ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് അംഗങ്ങളും ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളും സിസ്റ്റേഴ്സും സന്ദർശനം നടത്തി. ജനുവരി 19ന് നടക്കുന്ന ഓസാനം ഭവൻ സിൽവർ ജൂബിലി സമാപനത്തിന്റെ ആഘോഷവേളയിലേക്ക് എല്ലാ സുമനസ്സുകളെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**പുഞ്ചിരിമട്ടം ദുരന്തബാധിതർക്ക് മാനന്തവാടി രൂപത നിർമ്മിച്ചു നൽകുന്ന ഭവനങ്ങളിൽ ആദ്യ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടന്നു**

മാനന്തവാടി രൂപത, കേരള കാത്തോലിക് ബിഷപ്പ്സ് കൗൺസിലിന്റെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെ പുഞ്ചിരിമട്ടം ദുരന്ത ബാധിതർക്കായി നിർമിച്ചു നൽകുന്ന 50 ഭവനങ്ങളിൽ ആദ്യഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം തോമാട്ടുചാലിൽ നടന്നു. ദുരന്തത്തിൽ കുടുബാംഗങ്ങൾ, ഭവനം, സ്ഥലം എന്നിങ്ങനെ സർവ്വതും നഷ്ട്ടപ്പെട്ട റെജീന ചിറ്റിലപ്പള്ളിയുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മമാണ് നടന്നത്. വെഞ്ചിരിപ്പ് കർമ്മം മാനന്തവാടി രൂപതാ ബിഷപ് മാർ ജോസ് പൊരുന്നേടം നിർവഹിച്ചു. ഭവനത്തിന്റെ താക്കോൽ ദാനം റവ. ഡോ. ജോസ്, വൈസ് ചാൻസിലർ, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി നിർവഹിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ റവ. ഫാ. പോൾ മുണ്ടോളിക്കൽ രേഖകൾ കൈമാറി. കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ഫാ. സണ്ണി മഠത്തിൽ, ഫാ. വിൻസെന്റ് കളപ്പുര, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു. ഭവനം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രൂപത വിലക്ക് വാങ്ങി റജീനയുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകി. കേരള കാത്തോലിക് ബിഷപ്പ്സ് കൗൺസിലിന്റെയും, CMI കോൺഗ്രിഗേഷന്റെയും സാമ്പത്തിക സഹായത്തോടെ 900 ചതുരശ്ര അടിവിസ്തീർണമുള്ള 02 ബെഡ്റൂം, ലിവിങ്റൂം, ഡയനിംഗ്റൂം, കിച്ചൻ, സിറ്റ്ഔട്ട്, 02 ടോയ്‌ലെറ്റുകൾ എന്നിവ ഉൾകൊള്ളുന്ന വീടാണ് പൂർത്തീകരിച്ചുട്ടുള്ളത്. കൂടാതെ കുഴൽ കിണർ, ചുറ്റുമതിൽ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. വീടിന് മാത്രമായി 17.5 ലക്ഷം രൂപയും സ്ഥലം അടക്കം മറ്റുള്ളവക്ക് 13.5 ലക്ഷവും അടക്കം ആകെ

31 ലക്ഷം രൂപ ചെലവ് വന്നു. ഇതിൽ 15 ലക്ഷം രൂപ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലൂടെ CMI കോൺഗ്രിഗേഷനും 10 ലക്ഷം രൂപ കേരള കാത്തോലിക് ബിഷപ്സ് കൗൺസിലും നല്കി. ബാക്കി തുക മാനന്തവാടി രൂപത കണ്ടെത്തി. പദ്ധതി നടത്തിപ്പ് രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും രൂപതാ പുനരധിവാസ കമ്മിറ്റിയും ചേർന്നാണ് നിർവഹിച്ചത്.

**ഇനി ഒരു ദുരന്തത്തെ അതിജീവിക്കുന്നതിനായി സേഫ് വിഥിൻ പദ്ധതിയുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായ പുഞ്ചിരി മട്ടം ഉരുൾപൊട്ടൽ ദുരന്തത്തിന്റ പശ്ചാത്തലത്തിൽ ഇനി ഉണ്ടാകാൻ സാധ്യത ഉള്ള ദുരന്തങ്ങളെ മുന്നിൽകണ്ട് അവയെ ഫലപ്രദമായി നേരിടാനുമുള്ള ശേഷി വർദ്ധിപ്പിക്കുക, ഉപജീവന സുരക്ഷ, മാന സിക-സാമൂഹിക ക്ഷേമം, സാമൂഹ്യാധിഷ്ഠിത ദുരന്ത അപകട സാധ്യതാ ലഘൂകരണം എന്നിവ ലക്ഷ്യം വെച്ച് സേഫ് വിഥിൻ പദ്ധതിയുമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി. കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവീസ് ഫോറം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, COD താമരശ്ശേരി എന്നീ സാമൂഹ്യ സേവന പ്രസ്ഥാനങ്ങളുടെ നേതൃത്വ ത്തിൽ ആണ് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എടവക, പടിഞ്ഞാറത്തറ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ആണ് ആദ്യഘട്ടത്തിൽ സേഫ് വിഥിൻ പദ്ധതി നടപ്പിലാക്കുക. പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുക, ജനകീയ കൗൺസിലിങ്/ ബീഫ്രിങ് നടപ്പിലാക്കുക, ഒരു ദുരന്തമുണ്ടായാൽ അതിനെ അതി ജീവിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിദഗ്ദ്ധരായ ടാസ്ക് ഫോഴ്സുകൾ രൂപപെടുത്തുക, അവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

ഇതിന്റെ ഭാഗമായി ഇതിനോടകം 02 കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ആരംഭിച്ചു.

കൂടാതെ വിദഗ്ധരായ കൗൺസിലർ/ ബീഫ്രിങ് കോ ഓർഡിനേറ്റർമാർ ഓരോ പ്രദേശങ്ങളും സന്ദർശിച്ച് ആവശ്യമുള്ളവർക്ക് ബീഫ്രിങ് നൽകി വരുന്നു. കഴിഞ്ഞ ഒരു മാസം 109 പേർക്ക് ഇങ്ങനെ സഹായം നൽകുവാൻ സാധിച്ചു. രണ്ട് ഗ്രാമപഞ്ചായത്തുകളിലെയും ദുരന്ത ബാധിത പ്രദേശങ്ങളുടെ ജി.ഐ.എസ് അടിസ്ഥാനമാക്കിയ മാപ്പിംഗ് എന്നിവ തയ്യാറക്കി. കൂടാതെ രണ്ട് പഞ്ചായത്തുകളിലും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷം ജനകീയ കൗൺസിലർമാർ, ടാസ്ക് ഫോഴ്സ് അംഗങ്ങൾ, വാർഡ് അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കുള്ള പരിശീലനം, പദ്ധതി പ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വിവിധ വരുമാന വർദ്ധക പരിപാടികൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം, ടാസ്ക് ഫോഴ്സിനാവശ്യമായ ഉപകരണങ്ങളുടെ വിതരണം തുടങ്ങിയവ നടത്തുന്നതാണ്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന സേഫ് വിഥിൻ പദ്ധതിക്ക് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ കെവിൻ സുനിൽ, കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർ സി. ദിവ്യ ജോസഫ്, കൗൺസിലർ മാരായ സി. ഷൈനി ജോർജ്, സി ലില്ലി മാത്യു എന്നിവർ നേതൃത്വം നൽകി വരുന്നു.

**കാരിത്താസ് കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ പ്രവർത്തനം തുടങ്ങി**

വയനാട് പുഞ്ചിരിമട്ടം, കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ, മാനന്തവാടി രൂപതയുടെ സാമൂഹിക സേവന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പാക്കുന്ന സേഫ് വിഥിൻ റീകണക്ട് വയനാട് ആൻഡ് വിലങ്ങാട് ദ്വിവർഷ പദ്ധതിയുടെ ഭാഗമായി എടവകയിലും, പടിഞ്ഞാറത്തറയിലും കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ പ്രവർത്തനം തുടങ്ങി. ഇരു സെന്ററുകളും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ, ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ

ജോസ് പി. എ അദ്ധ്യക്ഷത വഹിച്ചു. ദുരന്തങ്ങളും മാനസിക പ്രതിസന്ധികളും അതിജീവിക്കാനുള്ള സമൂഹത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കാൻ ഉതകുന്ന കൗൺസിലിംഗ് സ്ഥിരമായി നൽകുക, ടാസ്ക് ഫോഴ്സ് ടീമുകൾക്ക് പരിശീലനം നൽകുക, ടാസ്ക് ഫോഴ്സിന് ആവശ്യമായ ഉപകരണങ്ങൾ നൽകുക, ദുരന്താനന്തര സാഹചര്യങ്ങളിൽ ട്രോമ കെയർ അടക്കമുള്ള സൈക്കോ സോഷ്യൽ പിന്തുണ നൽകുക എന്നിവയാണ് കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ സെന്ററുകൾക്ക് പുറമെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിലും കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കും. പ്രൊജക്റ്റ് കോർഡിനേറ്റർ കെവിൻ സുനിൽ, കമ്മ്യൂണിറ്റി ഫസിലിറ്റേറ്റർ സി. ദിവ്യ ജോസഫ്, കൗൺസിലർമാരായ സി. ഷൈനി ജോർജ്, സി. ലില്ലി മാത്യു എന്നിവർ സംസാരിച്ചു

**കാർബൺ ക്രെഡിറ്റ് പദ്ധതിയുമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

ഇന്ന് കാലാവസ്ഥ വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിലും ഇതിന്റെ പ്രതിഫലനം വ്യക്തമായി കാണാം. ചൂട് വളരെ വേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മഴ ലഭ്യതയിലും കാര്യമായ വ്യതിയാനം സംഭവിച്ചിരിക്കുന്നു. ഇത്തരം കാലാവസ്ഥ മാറ്റങ്ങളെ അതിജീവിക്കുന്നതിന് വേണ്ടിയാണ് ലോകത്ത് കാർബൺ ക്രെഡിറ്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കെന്നെമർ എക്കോസൊല്യൂഷൻസുമായി സഹകരിച്ച് വയനാട് ജില്ലയിൽ വിപുലമായ രീതിയിൽ കാർബൺ ക്രെഡിറ്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി കർഷകരുടെ ഇടയിൽ 20000 ഹെക്ടർ സ്ഥലത്തും, പുഴയോരം, റോഡിന്റെ വശങ്ങൾ എന്നിവ ഉൾകൊള്ളുന്ന പൊതു സ്ഥലങ്ങളിൽ 5000 ഹെക്ടർ സ്ഥലത്തും ആണ് നടപ്പിലാക്കുക. 05 വർഷം കൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ, നടീൽ വസ്തുക്കൾ, കാർഷിക ഉല്പാദന ഉപാധികൾ തുടങ്ങിയവ നൽകുന്നതാണ്. പൊതുസ്ഥലങ്ങളിൽ അലങ്കാര വൃക്ഷങ്ങൾ, മുള, വയനാടിന് അനുയോജ്യമായ മറ്റ് വൃക്ഷങ്ങൾ എന്നിവ നട്ട് പിടിപ്പിക്കുന്നതാണ്. കർഷകർക്ക് ഓരോരുത്തരുടേയും താല്പര്യങ്ങൾക്കനു

സരിച്ച് കാപ്പി, കുരുമുളക്, കൊക്കോ, ഫലവൃക്ഷങ്ങൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പു, കശുമാവ് തുടങ്ങിയ കാർഷിക വിളകളും, ഓരോ പ്രദേശത്തിനും അനുയോജ്യമായ വൃക്ഷങ്ങളും വെച്ച് പിടിപ്പിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പ്രായോഗിക പഠനം നടത്തുന്നതിന് കെന്നെമർ എക്കോസൊല്യൂഷനിൽ നിന്നും ഉള്ള വിദഗ്ദ്ധ ടീം ഒരാഴ്ച്ച വയനാട്ടിൽ സന്ദർശനം നടത്തി. ടീം വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും, കർഷക ഗ്രൂപ്പുകൾ, കർഷകർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. സച്ചിൻ അഗർവാൾ, അജയ് മിറ്റൽ, അഹമ്മദ് റിസാൽഡി എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, ബോട്ടണിസ്റ് ബിജു. കെ. ജെ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, ഫീൽഡ് ആനിമേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ലിജ കുര്യാക്കോസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി

**വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്വാശ്രയ സംഘങ്ങളെയും തുല്യബാധ്യതാ സംഘങ്ങളെയും ഡിജിറ്റ ലൈസേഷൻ നടത്തും**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) ബാംഗ ളൂരു ആസ്ഥാനമായ റെഡ് പാരറ്റ് ടെക്നോളോജിയുടെ സാങ്കേതിക പിന്തുണയോടെ സ്വാശ്രയ സംഘങ്ങളെയും (SHGs) തുല്യ ബാധ്യതാ സംഘങ്ങളെയും (JLGs) ഡിജിറ്റലൈസേഷൻ മുഖേന ശക്തി പ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള പ്രത്യേക ശിൽപ്പശാല സംഘ ടിപ്പിച്ചു. സ്വാശ്രയ സംഘങ്ങളും തുല്യ ബാധ്യതാ സംഘങ്ങളും ഗ്രാമീണ വികസനത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, മാനുവൽ രീതിയിലുള്ള റിപ്പോർട്ടുകളുടെയും കണക്കുകളുടെയും വെല്ലുവിളികൾ മറികടക്കുന്നതിനായിട്ടാണ് ഡിജിറ്റലൈസേഷൻ നടത്തുന്നത്. കൂടാതെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കൃത്യമായി മോണിറ്ററിങ് നടത്തുന്ന തിനും ഇതിലൂടെ സാധിക്കും. റെഡ് പാരറ്റ് ടെക്നോളോജി വിക സിപ്പിച്ചെടുത്ത ദിശ SHG എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുക. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ദിശ SHG എന്ന സോഫ്റ്റ്‌വെയർ പരിചയ

പ്പെടുത്തുന്നതിനും ഈ പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ച് ആസൂത്രണം ചെയ്യുന്നതിനും ടീം അംഗങ്ങളുടെ ശിൽപ്പശാല നടന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ. അദ്ധ്യക്ഷത വഹിച്ചു. റെഡ് പാരറ്റ് ടെക്നോളോജി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൽബിൻ ജോസഫ് പദ്ധതി വിശദീകരിച്ചു. സ്വയമേയുള്ള സാമ്പത്തിക മാനേജ്മെന്റ്, ഡിജിറ്റൽ പാസ്ബുക്ക് വഴി പൂർണ്ണ സുതാര്യത, കൃത്യ സമയത്തുള്ള റിപ്പോർട്ടുകൾ, ലളിതമായ ഭരണ നിർവഹണ സംവിധാനങ്ങൾ, പിഴ/പെനാൽറ്റി ട്രാക്കിംഗ് എന്നീ സൗകര്യങ്ങളിലൂടെ സ്വാശ്രയ സംഘങ്ങളെയും തുല്യ ബാധ്യതാസംഘങ്ങളെയും കാര്യക്ഷമതയും ഗവേണൻസും ഗണ്യമായി മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ലക്ഷ്യം ഇടുന്നത്. ശില്പശാലക്ക് പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, കെവിൻ സുനിൽ, ജാൻസി ജിജോ, ചിഞ്ചു മരിയ എന്നിവർ നേതൃത്വം നൽകി

**മാനസികാരോഗ്യവും സൈക്കോസോഷ്യൽ പിന്തുണയും (MHPSS) സംബന്ധിച്ച പരിശീലന പരിപാടി നടത്തി**

2024-ൽ വയനാടിനെയും വിലങ്ങാടിനെയും ബാധിച്ച മണ്ണിടിച്ചിലുകളുടെ പശ്ചാത്തലത്തിൽ, കാരിത്താസ് ഇന്ത്യയുടെ രണ്ടാം ഘട്ട ഇടപെടലിന്റെ ഭാഗമായി സേഫ് വിഥിൻ റീകണക്ട് വയനാട് & വിലങ്ങാട് പദ്ധതിയുടെ കീഴിൽ നാലുദിവസത്തെ മാനസികാരോഗ്യവും സൈക്കോസോഷ്യൽ പിന്തുണയും (MHPSS) സംബന്ധിച്ച പരിശീലന പരിപാടി നടത്തി. 2025 ഡിസംബർ 15 മുതൽ 18 വരെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്നു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അബീഷ് ആന്റണി അധ്യക്ഷത വഹിച്ച യോഗത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സമയം ഇല്ലാത്ത ഈ ലോകത്തിൽ, സമയം കണ്ടെത്തുവാനും വളരെ പ്രത്യേകിച്ചു 'പ്രകൃതി ദുരന്തങ്ങൾ മൂലം മാനസികമായി തളർന്നിരിക്കുന്ന ജനസമൂഹത്തിലേക്കു കടന്നുചെന്ന് അവർക്കു ആശയും

പ്രതീക്ഷയും പകർന്നു നൽകുവാനും സാധിച്ചാൽ അതാണ് നമ്മുടെ ഈ ജീവിതത്തിൽ നമ്മുക്ക് കിട്ടാവുന്ന ഏറ്റവും വലിയ സമ്മാനം' എന്ന് ഫാ. ജിനോജ് പാലത്തടത്തിൽ അദ്ദേഹത്തിന്റെ ഉദ്ഘാടന സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. ഡോ. ജയകുമാർ.സി, നിംഹാൻസ് അസ്സോസിയേറ്റ് പ്രൊഫസർ പരിശീലന പരിപാടി വിശദീകരിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ ജോസ്, ശ്രേയസ് ബത്തേരി പ്രോഗ്രാം മാനേജർ കെ. പി. ഷാജി, ജീവന കോഴിക്കോട് പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ആഷ്‌ലി നെൽസൺ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം കോ ഓർഡിനേറ്റർ കെവിൻ സുനിൽ എന്നിവർ സംസാരിച്ചു.

പരിശീലനം രണ്ട് ബാച്ചുകളിലായി നടത്തപ്പെടുന്നു. ഓരോ ബാച്ചിലും 30 പേർ വീതം പങ്കെടുക്കുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, COD താമരശ്ശേരി, ജീവന കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, ബീഫ്രിങ് കൗൺസിലർമാർ, ബെയർ ഫൂട്ട് കൗൺസിലർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടു ത്തത്. ബാംഗ്ലൂർ NIMHANS ലെ ദുരന്ത നിവാരണ മേഖലയിൽ സൈക്കോ സോഷ്യൽ പിന്തുണ വിഭാഗത്തിലെ അഡീഷണൽ പ്രൊഫസറായ ഡോ. ജയകുമാർ സിയുടെ നേതൃത്വത്തിൽ, കൺസൾട്ടന്റ് ഡോ. ബാലശാന്തിനികേത, മിസ് അഖില വി. ആർ. എന്നിവർ അടങ്ങിയ സംഘമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്

മണ്ണിടിച്ചിലുകളെ തുടർന്ന് സമൂഹങ്ങളിൽ ഉണ്ടായ മാനസിക വൈകാരിക ആഘാതങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി സമൂഹതലത്തിലുള്ള സൈക്കോ സോഷ്യൽ സഹായ പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം. സൈക്കോ സോഷ്യൽ ഫസ്റ്റ് എയ്ഡ്, പരി ചരണ തന്ത്രങ്ങൾ, റഫറൽ സംവിധാനങ്ങൾ, സഹായ പ്രവർത്ത കരുടെ സ്വയം പരിചരണം എന്നിവയിൽ പ്രത്യേക ശ്രദ്ധ നൽകുന്ന ഈ പരിശീലനം, ദുരന്തബാധിത കുടുംബങ്ങളെ പിന്തുണ യ്ക്കുന്നതിലും, പ്രദേശങ്ങളുടെ സമഗ്ര പുനരധിവാസ പ്രവർത്ത

നങ്ങളിൽ സംഭാവന നൽകുന്നതിലും, ഫീൽഡ് തലത്തിലുള്ള സംഘങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിനും സഹായകമാകും.

**കാരിത്താസ് സേഫ് വിഥിൻ പദ്ധതി വിവര ശേഖരണം ആരംഭിച്ചു**

രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായ പുഞ്ചരി മട്ടം ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇനി ഉണ്ടാകാൻ സാധ്യത ഉള്ള ദുരന്തങ്ങളെ മുന്നിൽകണ്ട് അവയെ ഫലപ്രദമായി നേരിടാനുമുള്ള ശേഷി വർദ്ധിപ്പിക്കുക, ഉപജീവനസുരക്ഷ, മാനസിക സാമൂഹിക ക്ഷേമം, സാമൂഹ്യാധിഷ്ഠിത ദുരന്ത അപകട സാധ്യതാ ലഘൂകരണം എന്നിവ ലക്ഷ്യം വെച്ച് കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന സേഫ് വിഥിൻ പദ്ധതിയുടെ ഭാഗമായി വിവരശേഖരണം ആരംഭിച്ചു. വിവര ശേഖരണം എടവക ഗ്രാമ പഞ്ചായത്തിൽ കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി നൽകുന്ന വരുമാന വർദ്ധക പരിപാടികൾ, ടാസ്ക് ഫോഴ്സ് രൂപീകരണം, ജനകീയ കൗൺസിലിംഗ്/ ബീഫ്രിങ് തുടങ്ങിയവയുമായി ബന്ധപ്പെടുത്തിയുള്ള വിവര ശേഖരണം ആണ് നടക്കുന്നത്. വികസന പ്രക്രിയയിൽ ഇന്ന് കാര്യക്ഷമമായി ഉപയോഗിക്കുന്ന മൊബൈൽ അധിഷ്ഠിത കോബോ ടൂൾ ഉപയോഗിച്ചാണ് വിവര ശേഖരണം നടത്തുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എടവക, പടിഞ്ഞാറത്തറ എന്നീ ഗ്രാമ പഞ്ചായത്തുകൾ ആണ് ആദ്യഘട്ടത്തിൽ സേഫ് വിഥിൻ പദ്ധതി നടപ്പിലാക്കുന്നത്. കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവീസ് ഫോറം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, COD താമരശ്ശേരി എന്നീ സാമൂഹ്യ സേവന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ആണ് വയനാട്, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന സേഫ് വിഥിൻ പദ്ധതിക്ക് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, പ്രൊജക്റ്റ്

കോ ഓർഡിനേറ്റർ കെവിൻ സുനിൽ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ സി. ദിവ്യ ജോസഫ്, കൗൺസിലർമാരായ സി. ഷൈനി ജോർജ്, സി. ലില്ലി മാത്യു, ഫീൽഡ് കോ ഓർഡിനേറ്റർമാരായ ബിൻസി വർഗീസ്, ആലിസ് സിസിൽ, ലിജ കുര്യാക്കോസ്, ജിനി ഷിനു എന്നിവർ എന്നിവർ നേതൃത്വം നൽകി വരുന്നു.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ. നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ നീരുറവ സംരക്ഷണം, കിണർ റീചാർജിംഗ് തോട്ടം വെച്ച് പിടിപ്പിക്കൽ, ചെറുകിട ജലസേചനം, മൺകയ്യാലകൾ, നീർകുഴികൾ തുടങ്ങിയ പദ്ധതി പ്രവർത്തങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ് ജോസഫ് നീർത്തട കമ്മിറ്റി അംഗങ്ങളായ പി. സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**സംരഭകത്വ പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ വിവിധ തരം കേക്കുകൾ നിർമ്മിക്കുന്നതിൽ സംരഭകത്വ പരിശീലന പരിപാടി നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ

പി. എ. ജോസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ വരുൺ ടി. പി. പദ്ധതി വിശദീകരണം നടത്തി. ഫൗമി അക്കീം പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിന് ശേഷം ഇവ വ്യാവസായിക രീതിയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവർ ഒരുക്കും. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കസാഫി കോ ഓർഡിനേറ്റർ അനഘ ജോസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരായ കെവിൻ സുനിൽ, ജാൻസി ജിജോ, ആലീസ് സിസിൽ, ബിൻസി വർഗീസ് എന്നിവർ നേതൃത്വം നൽകി.

**50 കുടുംബങ്ങൾക്ക് കോഴി വളർത്തലിലൂടെ സ്ഥിരവരുമാനമൊരുക്കി നബാർഡ് നീരുറവ സംരക്ഷണ പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി നൽകിയ മുട്ടക്കോഴി വളർത്തൽ പദ്ധതി ശ്രദ്ധേയമാകുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 50 കുടുംബങ്ങൾക്ക് 10 കോഴികളെ വീതം വിതരണം ചെയ്തത്. ബി വി 380 ഇനത്തിൽ വരുന്ന 03 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് നൽകിയത്. വേഗത്തിലുള്ള വളർച്ചയും നല്ല രോഗപ്രതിരോധവും ഉള്ള ഈ ഇനം കോഴികൾ ഒരു വർഷം 280 മുതൽ 300 മുട്ടവരെ ഇടുന്നു. ഇത് വാണിജ്യ കൃഷിക്ക്, പ്രത്യേകിച്ച് ഇന്ത്യ പോലുള്ള ഉഷ്ണ മേഖലാ കാലാവസ്ഥകളിൽ ചെലവ് കുറഞ്ഞതാക്കുന്നു. കഠിനമായ ചൂടിനോടും തണുപ്പിനോടും പൊരുത്തപ്പെടാനുള്ള കഴിവ് മറ്റ് മുട്ടക്കോഴികളിൽ നിന്ന് ഇവയെ വ്യത്യസ്തമാക്കുന്നു. ഒരു മുട്ടയ്ക്ക് 08 രൂപ നിരക്കിൽ ആണ് ഇപ്പോൾ വിൽപ്പന നടത്തുന്നത്. ശരാശരി 2000 രൂപ വരെ മാസാവരുമാനം വളരെ എളുപ്പത്തിൽ

10 കോഴികളിൽ നിന്നും ലഭിക്കുന്നു. ഈ പദ്ധതി വിജയമായതോടെ കൂടുതൽ എണ്ണം കോഴികളെ വാങ്ങി വളർത്തുവാൻ പദ്ധതിയിലെ ഗുണഭോക്താക്കൾ തയ്യാറായിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ശാസ്ത്രീയമായ രീതിയിൽ ബി വി 380 ഇനം മുട്ടക്കോഴി വളർത്തുന്നതിനെ കുറിച്ച് പരിശീലനവും നൽകിയിരുന്നു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (sws)**

**SWS മീറ്റിംഗ്**

മംഗലശ്ശേരി, ഒഴുക്കന്മൂല, കാരക്കാമല, ചുങ്കക്കുന്ന്, പോരൂർ, ജൂഡ്സ്മൗണ്ട്, അരിഞ്ചേർമല, വാളേരി, നടവയൽ, കൊട്ടിയൂർ, കണിയാരം, എടയൂർകുന്ന്, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, നടവയൽ, പട്ടാണികൂപ്പ്, കബനിഗിരി, കല്ലോടി, നിരവിൽപ്പുഴ, എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് SWS കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാനവർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ബത്തേരി, പറളിക്കുന്ന്, മരക്കടവ് എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുത്പ്പന്ന നിർമ്മാണ പരിശീലനം നടത്തി**

പിലാക്കാവ്, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ സോപ്പ് നിർമ്മാണ പരിശീലനം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**വൈദിക സമ്മേളനം**

രൂപതയിലെ വൈദികരുടെ സമ്മേളനത്തിൽ ജീവസ് & കെ. എൽ.എം പ്രവർത്തനങ്ങളും, സാമൂഹ്യ സുരക്ഷാ പദ്ധതികളും രൂപതാ ഡയറക്ടർ അവതരിപ്പിച്ചു. EWS സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റിൽ സമുദായത്തിന്റെ പേര് ചേർക്കുന്നതിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്തു. ഇത്തരം കാര്യങ്ങൾ താഴെ തട്ടുവരെ എത്തിക്കുന്നതിന് സംവിധാനങ്ങൾ ശക്തമാക്കാനും തീരുമാനിച്ചു.

**പാരീഷ് കോഡിനേറ്റർമാരുടെ പുനർനിയമനം**

സമുദായ ശാക്തീകരണ വർഷത്തോടനുബന്ധിച്ച് കെ.എൽ. എം. പ്രവർത്തങ്ങൾ ഊർജ്ജിതമാക്കണമെന്ന അഭിപ്രായപ്രകാരം പാരീഷ് കോഡിനേറ്റർമാരെ പുനർനിയമിക്കാൻ തീരുമാനിച്ചു. നിലവിലുള്ള കോഡിനേറ്റർമാരിൽ ചിലർ സ്ഥലത്തില്ലാത്തതും മറ്റു ചിലർ പ്രവർത്തനത്തിൽ താല്പര്യം എടുക്കാത്തതായും ഉണ്ട്. അത്തരം സാഹചര്യമുള്ള ഇടവകകളിൽ പുതിയ കോഡിനേറ്ററേയും, സജീവമായി പ്രവർത്തിക്കുന്നവരെ പുനർ നിയമിക്കണമെന്നും ചെയർമാൻ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ആവശ്യപ്പെട്ടു. കൂടാതെ കുടുംബ യൂണിറ്റുകളിൽ ഒരാളെ വാർഡ് കോഡിനേറ്റർ ആയി നിയമിച്ച് ഒരു ടീം രൂപപ്പെടുത്തണമെന്നും തീരുമാനിച്ചു.

**കോഡിനേറ്റർമാർക്ക് പരിശീലനം**

പാരീഷ് കോഡിനേറ്റർമാർക്ക് ജനുവരി മാസത്തിൽ രൂപതാ തലത്തിലും വാർഡ് കോഡിനേറ്റർമാർക്കുള്ള പരിശീലനം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ, ഫൊറോന റീജിയണൽ തലങ്ങളിലും നടത്തുന്നതാണ്.

**ക്ഷേമനിധി പുതുക്കൽ**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നവരുടെ

യൂണിയന്റെ റിന്യൂവൽ നടന്നുകൊണ്ടിരിക്കുകയാണ്. അംശാദായം അടച്ച് മുന്നോട്ടുപോകുന്നതും യൂണിയന്റെ അംഗത്വം പുതുക്കലും രണ്ടാണ്. പുതുക്കാൻ ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, അല്ലെങ്കിൽ ക്ഷേമനിധി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ആവശ്യമാണ്. നിർമ്മാണ തൊഴിലാളികളുടെ അംഗത്വം പുതുക്കലും ആരംഭിച്ചു. അടുത്തുള്ള കേരള ബാങ്കിൽ അംശാദായം അടച്ചതിന്റെ രസീത്, ക്ഷേമനിധി പാസ് ബുക്ക് എന്നിവ ആവശ്യമാണ്.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്നവരുടെ 2025-26 വർഷത്തെ പുതുക്കൽ നടപടി ആരംഭിച്ചു. 2026 ജനുവരി 25-ന് പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനോടകം 60 വയസ്സ് പൂർത്തിയായ 243 പേർക്ക് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP – FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള വിവരശേഖരണം NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, NDS അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, SAFP ഫീൽഡ് കോഡിനേറ്റർ ശ്രീമതി റ്റിൻസി എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ ആറാട്ടുപാറ, എല്ലമല, പെരിയശോല, ചൂണ്ടി, കാമരാജ്നഗർ, ചെളിവയൽ, പാട്ടവയൽ, കൽപ്ര, പുത്തൂർവയൽ, പ്രദേശങ്ങളിലുള്ള യോഗ്യരായ കുടുംബങ്ങളെ കാണുകയും വിവരശേഖരണം നടത്തുകയും ചെയ്യുന്നു.

**2. SAFP – FDP Training Program**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ മുന്നൊരുക്കമായി 2 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി SAFP എറണാകുളം ഓഫീസിൽ നിന്നും നടത്തപ്പെട്ടു. പരിശീലന പരിപാടിക്ക് ബഹു. ആന്റണി അച്ചനും, പ്രോഗ്രാം മാനേജർ ക്രിസ്റ്റിൻ ജോസഫും നേതൃത്വം നല്കി. NDS ന്റെ പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**3. SAFP – FDP Field Coordinator**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഫീൽഡ് കോഡിനേറ്ററായി കൽപ്ര ഇടവകയിൽ നിന്നുള്ള ശ്രീമതി റ്റിൻസിയെ നിയമിച്ചു. നില വിൽ റ്റിൻസിയുടെ നേതൃത്വത്തിൽ പ്രോജക്ടിന്റെ വിവര ശേഖരണവും, മറ്റ് അനുബന്ധ ജോലികളും പുരോഗമിച്ചുവരുന്നു.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

ഡിസംബർ മാസം ബെക്കി, കുന്നലാടി പ്രദേശങ്ങളിൽ പാലി യേറ്റീവ് കെയറിന് പോയി. കുന്നലാടിയിലെ രോഗികൾക്ക് മരുന്ന് നല്കി. വീടുകളിൽ പോയി ബി.പി, ഷുഗർ, SPO2 എന്നിവ പരി ശോധിച്ചു. Catheterization ആവശ്യമായുള്ളവർക്ക് അത് നല്കി. ഏതാനും രോഗികളെ കുളിപ്പിക്കുവാൻ സാഹയിച്ചു. പാലിയേ റ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പോയ എല്ലാ ഭവനങ്ങളിലും പ്രാർത്ഥിക്കുകയും ഈശോയെ പരിചയപ്പെടുത്തുകയും ചെയ്തു.

**5. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കുന്നലാടി, ബിദർക്കാട്, മേപ്പാടി, കയ്യൂന്നി എന്നീ പ്രദേശങ്ങളിൽ രോഗികളു മായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ – വിലയിരുത്തൽ മീറ്റിംഗ്**

2025 നവംബർ മാസത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് പാട്ടവയൽ അമല ആശുപത്രിയിൽ വെച്ച് നടത്തപ്പെട്ടു. നീലഗിരി റീജിയണൽ വികാരി റവ. ഫാ. ബിജു പൊൻപാറയ്ക്കൽ, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അമല ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. ആൻസി എബ്രഹാം, സി. ജെസി ഇമ്മാനുവേൽ, സി. പ്രിൻസി, സി. ജിസ്മരിയ, സി. ബെറ്റി അഗസ്റ്റിൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. പാലിയേറ്റീവ് കെയറിന്റെ കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങളെകുറിച്ച് മീറ്റിംഗിൽ ചർച്ച നടത്തുകയും, ഭാവിപ്രവർ ത്തനങ്ങളെകുറിച്ച് ആലോചിക്കുകയും, ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

വർദ്ധിച്ചുവരുന്ന രോഗീ പരിചരണ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് പോകുന്നതിനുവേണ്ടി പാലിയേറ്റിവ്കെയർ പ്രവർത്തനങ്ങൾക്കാവശ്യമായ 2 ആശുപത്രി കട്ടിലുകൾ, ഒരു ഓക്സിജൻ കോൺസൺട്രേറ്റർ എന്നിവ പുതിയതായി വാങ്ങുന്നതിലേക്കുള്ള അപേക്ഷ മാനന്തവാടി രൂപതയുടെ ജീവകാരുണ്യ നിധിയിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

**7. മേഖലാ ഇവാലുവേൻ മീറ്റിംഗ്**

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 13.12.2025 ന് ശനിയാഴ്ച്ച രാവിലെ 11 മണി മുതൽ NDS മേഖലാ ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കൽപ്ര, ധർമ്മഗിരി, പെരിയശാല യൂണിറ്റിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ കഴിഞ്ഞ രണ്ട് മാസത്തെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. തുടർന്ന് വരുംമാസങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന SAFP പ്രോഗ്രാമിനെകുറിച്ചും, യൂണിറ്റുകളിൽ ക്രിസ്തുമസ് ആഘോഷം നടത്തുന്നതിന്റെ ഭാഗമായി സാധ്യമായ രീതിയിൽ ക്രിസ്തുമസ്കിറ്റ് വിതരണം ചെയ്യണമെന്നും അച്ചൻ വിശദീകരിച്ചു.

**8. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിങ്ങുകൾ നടത്തി യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ അംഗങ്ങളുടെ പച്ചക്കറിത്തോട്ടം സന്ദർശനം നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനങ്ങൾ നടത്തി. പൊതു ഇടങ്ങളിലെ കാട് വെട്ടിവൃത്തിയാക്കി.

**വിമലഗിരി**

വിമലഗിരിയൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിം

ഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. യൂണിറ്റിന്റെ നേതൃത്വത്തിൽ ആദ്യമായി ഇറക്കിയ ബയോവിൻ SIGWE കറിമസാല പൊടികൾ മുഴുവൻ വിറ്റുതീർക്കുകയും വീണ്ടും മസാല പൊടികൾ ഇറക്കി അവയുടെ വിപണനം നടത്തിവരുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിലും, വ്യക്തിപരമായും അടുക്കള പച്ചക്കറി തോട്ടത്തിന്റെ നിർമ്മാണം നടത്തിവരുന്നു.

**കൽപ്ര**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തുകയും യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. ശിശുദിന ആഘോഷത്തിന്റെ ഭാഗമായി കറുകുറ്റി സ്കൂൾ സന്ദർശിക്കുകയും കുട്ടികൾക്ക് മിഠായി വിതരണം നടത്തുകയും ചെയ്തു. ശിശുമന്ദിരം സന്ദർശനം നടത്തി 5000 രൂപ സഹായം നല്കി. ബയോവിൻ SIGWE മസാലപ്പൊടികളുടെ വില്പന നടത്തിവരുന്നു. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം രണ്ട് ചിട്ടികൾ നടത്തിവരുന്നു.

**ധർമ്മഗിരി**

ധർമ്മഗിരി യൂണിറ്റിന്റെ കർമ്മസമിതി മീറ്റിംഗും ഇവാലുവേഷൻ മീറ്റിംഗും ഒരേ ദിവസം നടത്തപ്പെട്ടു. ഈ മാസം മൂന്നു യൂണിറ്റ് ലോണുകൾ പാസാക്കി. യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വിഷ്ണുതൈലം, ചുമ മരുന്ന് എന്നിവയുടെയും, ബയോവിൻ SIGWE മസാലപ്പൊടികളുടെയും വില്പന നടന്നുവരുന്നു. രോഗീ സന്ദർശനം നടത്തുകയും 5000 രൂപ രോഗീ സഹായമായി നൽകുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ബഹു. ബിജു തുരുത്തേൽ അച്ചന്റെ ജൂബിലി ആഘോഷം യൂണിറ്റ് തലത്തിൽ നടത്തി. അച്ചനെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം നടത്തുന്ന രണ്ട് ചിട്ടികളുടെയും നടത്തിപ്പ് നല്ല നിലയിൽ നടക്കുന്നു. ഗ്രൂപ്പുകൾ മാസമീറ്റിംഗ് നടത്തുകയും നിക്ഷേപ സമാരണം, ക്രെഡിറ്റ് യൂണിയൻ സമാഹരണം, ലോൺ തിരിച്ചടവ് എന്നിവ കൃത്യമായി നടത്തിവരുന്നു.

**പെരിയശോല**

പെരിയശോല യൂണിറ്റ് അംഗങ്ങൾ എല്ലാ മാസവും കൃത്യമായി മീറ്റിംഗ് കൂടുകയും നിക്ഷേപ സമാഹരണം നടത്തുകയും ചെയ്തു. ഗ്രൂപ്പ് അംഗങ്ങൾ രോഗീ സന്ദർശനം നടത്തി. ശിശുദിനാഘോഷത്തിന്റെ ഭാഗമായി പെരിയശോല സ്കൂൾ കുട്ടികൾക്ക് മിഠായിവിതരണം നടത്തി. ഗ്രൂപ്പിലേക്ക് പുതിയതായി അംഗങ്ങളെ ചേർത്തു.

**കയ്യൂന്നി**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. പോലീസ് ഡിപ്പാർട്ട്മെന്റ് എരുമാട് സംഘടിപ്പിച്ച ലഹരിക്കെതിരായ റാലിയിലും, ബോധവത്ക്കരണ സെമിനാറിലും കയ്യൂന്നി യൂണിറ്റ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. രോഗീസഹായമായി 3100 രൂപയും, ഒരു കുട്ടിയുടെ സർജറിക്ക് 6000 രൂപയും സാമ്പത്തിക സഹായമായി നല്കി. പ്രമേഹരോഗത്തെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




## നിലമ്പൂർ ഫൊറോന കൺവെൻഷനും തിരഞ്ഞെടുപ്പും

കത്തോലിക്കാ കോൺഗ്രസ് നിലമ്പൂർ ഫൊറോന കൺവെൻഷനും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2025 നവംബർ 26 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയ ഓഡിറ്റോറിയത്തിൽ നടന്നു. നിലമ്പൂർ ഫൊറോനയിലെ മുഴുവൻ ദേവാലയങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ കൺവെൻഷനിൽ പങ്കെടുത്തു. 78 പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്. ഫൊറോന കൺവെൻഷൻ പ്രാർത്ഥനയോടെ ആരംഭിച്ചു. ഫാ. ജസ്റ്റിൻ മൂന്നനാൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി.

**ഫൊറോന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് രൂപതാ പ്രസിഡണ്ട് നേതൃത്വം നൽകി**

**ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. ഫ്രാൻസിസ് അമ്പലത്തിങ്കൽ |
| വൈസ് പ്രസിഡണ്ടുമാർ | - ശ്രീമതി ലിസി പാറപ്പുറം,<br>ശ്രീ.ജോസ് ചെടിയാമറ്റേൽ |
| ജനറൽ സെക്രട്ടറി | - ശ്രീ. ബാബു തോട്ടപ്പള്ളി |
| ജോയിന്റ് സെക്രട്ടറിമാർ | - ശ്രീമതി രാരി കളരിക്കൽ<br>ശ്രീ. ടോമി നെടുങ്കൊമ്പേൽ |
| ട്രഷറർ | - ശ്രീ. ഇമ്മാനുവൽ താലോലിക്കൽ |
| എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ | - ശ്രീ. സണ്ണി കാവുങ്കൽ,<br>ശ്രീ. മനു കോട്ടായിൽ |

തെരഞ്ഞെടുപ്പിനുശേഷം ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന്

പൊതു ചർച്ച നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തിയും പ്രാധാന്യവും, നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും, ചർച്ചയിൽ പ്രതിനിധികൾ ഉന്നയിച്ചു. ഫൊറോന പ്രസിഡണ്ട് ശ്രീ. ഫ്രാൻസിസ് അമ്പലത്തിങ്കൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ഫൊറോന തെരഞ്ഞെടുപ്പിനും കൺവെൻഷനും എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയ നിലമ്പൂർ ഫൊറോന വികാരി സെബാസ്റ്റ്യൻ പുത്തേനച്ചനും ഫൊറോന ഡയറക്ടർ ജസ്റ്റിനച്ചനും, നിലമ്പൂർ ഫൊറോന ഇടവക കൈകാരന്മാർക്കും സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ്**

2025-2030 കാലഘട്ടത്തിലേക്കുള്ള തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പൂർത്തിയായല്ലോ. ഈ തെരഞ്ഞെടുപ്പിൽ ധാരാളം ക്രൈസ്തവ നേതാക്കൾക്ക് മത്സരിക്കാൻ സാഹചര്യമൊരുങ്ങി എന്നുള്ളത് കത്തോലിക്ക കോൺഗ്രസിന് അഭിമാനിക്കാൻ വക നൽകുന്നു. കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാ ഫൊറോന ഇടവക നേതാക്കന്മാരും പ്രവർത്തകരും ആയി ധാരാളം പേർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവർക്കെല്ലാവർക്കും ആശംസകൾ നേരുന്നു. മത്സരിക്കാൻ ധൈര്യം കാണിച്ച എല്ലാ പ്രവർത്തകരെയും നേതാക്കന്മാരെയും അഭിനന്ദിക്കുകയാണ്. തുടർന്ന് തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വം ജനസേവനത്തിന് ഉതകുന്ന രീതിയിൽ വിനിയോഗിക്കുവാനുള്ള കഴിവ് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇനിയും ധാരാളം നേതാക്കന്മാർ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരണം അതിനുള്ള സാഹചര്യങ്ങളും മുന്നൊരുക്കങ്ങളും നമ്മൾ നടത്തണം എൽഡിഎഫ്, യുഡിഎഫ്, എൻഡിഎ, ആംആദ്മി, സ്വതന്ത്ര എന്നിങ്ങനെ വിവിധ പ്രസ്ഥാനങ്ങളിലൂടെയാണ് സ്ഥാനാർത്ഥികൾ ആവുകയും വിജയിക്കുകയും ചെയ്തിരിക്കുന്നത്.

**സമുദായ ശക്തീകരണ വർഷം**

2026 സമുദായ ശക്തീകരണ വർഷമായി സീറോ മലബാർ സഭ ആചരിക്കുകയാണ്. 'വരുവിൻ നമുക്ക് ജെറുസലേമിന്റെ മതിൽ പണിയാം' നെഹമിയ 2:17 ആണ് ഈ വർഷത്തിന്റെ പ്രവർത്തന മുദ്രാവാക്യം. എന്റെ സമുദായം എന്റെ അഭിമാനം എന്ന ചിന്ത

യോടെ സീറോ മലബാർ സഭാംഗങ്ങളെല്ലാവരും ഐക്യത്തോടെ പരസ്പരം സഹകരിച്ചും സഹവർത്തിത്വത്തോടുകൂടി പെരുമാറിയും ഒരുമിച്ചു മുന്നേറാനായിട്ടുള്ള പ്രവർത്തനത്തിന്റെ തുടക്കമാണ് സമുദായ ശക്തീകരണ വർഷം. ഇടവകാ, ഫൊറോനാ, രൂപതാ തലങ്ങളിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടണം. സീറോ മലബാർ സഭയുടെ ഔദ്യോഗിക സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്ക കോൺഗ്രസിന് ഈ വർഷം ഏറെ പ്രസക്തമാണ്. സമുദായിക ശക്തീകരണത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. അതിനു നാം നേതൃത്വം നൽകണം. മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങളോട് ചേർന്ന് ഈ സമുദായ ശക്തീകരണ വർഷം വിജയിപ്പിക്കുന്നതിന് എല്ലാ രൂപതാ, ഫൊറോനാ, ഇടവകാ, നേതാക്കന്മാരും ആവേശത്തോടെ രംഗത്തിറങ്ങണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കമ്പോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീട നാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസ പദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയവിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാ ഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്ന തിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal controlsystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങ ൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർ ത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോ വിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷ കർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-)ബന്ധപ്പെടാവുന്നതാണ്.

**ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു**

മാനന്തവാടി, മീനങ്ങാടി, തവിഞ്ഞാൽ, പനമരം, പുൽപള്ളി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് നടന്ന പരിശീലനത്തിൽ ജൈവ കാപ്പി കൃഷിരീതിയും മണ്ണിന്റെ ഘടനയും എന്നവിഷയത്തിൽ കാബോർഡ് അഗ്രോണമിസൈന്റിസ്റ്റ് ശ്രീമതി രേവതി എം. വി, NPOP സ്റ്റാൻഡേർഡ് എട്ടാം പതിപ്പ്, ഇന്റേണൽ ഓർഗാനിക് സ്റ്റാൻഡേർഡ് എന്നീ വിഷയങ്ങളിൽ ബയോവിൻ സർട്ടിഫിക്കേഷൻ & സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി രമ്യ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ICS കോർഡിനേറ്റർ ശ്രീ. മാത്യു സെബാസ്റ്റ്യൻ, F-C-H- ശ്രീമതി സുജ ജോയ് എന്നിവർ സംസാരിച്ചു.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

വരുന്ന ഒരു വർഷത്തേക്കുള്ള NOP സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായി പ്രോസസിങ്, ട്രേഡിങ്ങ്, ICS ഓഡിറ്റുകൾ എക്കോസെർട്ടിൽ നിന്നുള്ള ഓഡിറ്റർമാരായ ശ്രീ. മെൽവിൻ, ശ്രീ. മുരളി രാമപ്പ എന്നിവർ പൂർത്തീകരിച്ചു.

**കർഷക സെമിനാറുകൾ സംഘടിപ്പിച്ചു**

കോഫീ ബോർഡിന്റെ സഹകരണത്തോടെ ജൈവകൃഷി മാനദണ്ഡങ്ങൾ കർഷകരിലേക്ക് കൂടുതലായി എത്തിക്കുന്നതിനായി സെമിനാറുകൾ സംഘടിപ്പിച്ചു. മാനന്തവാടി, പനമരം, തവിഞ്ഞാൽ, മീനങ്ങാടി, പുൽപള്ളി എന്നിവിടങ്ങളിൽ വച്ച് നടന്ന സെമിനാറുകളിൽ കോഫിബോർഡ് ഉദ്യോഗസ്ഥർ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. രജീഷ് കറുത്തേടത്ത്, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ്, F-C ഓമർ എന്നിവർ പങ്കെടുക്കുകയും പരിശീലനം നൽകുകയും ചെയ്തു. അഞ്ഞൂറോളം കർഷകർ വിവിധ സെമിനാറുകളിലായി പങ്കെടുത്തു.

**കോഫി ബോർഡ് ക്വാളിറ്റി ഡിവിഷൻ ഹെഡ് ബയോവിൻ സന്ദർശിച്ചു**

കോഫീ ബോർഡ് ഓഫ് ഇന്ത്യ ക്വാളിറ്റി ഡിവിഷൻ ഹെഡ് ഡോ. മന്ദപ്പ ഐ. എം. ബയോവിൻ സന്ദർശിച്ചു. ജോയന്റ് ഡയറക്ടർ ഡോ. ശ്രീ. കറുത്തമണി, ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ എന്നിവർ സംസാരിച്ചു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE -Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മായം കലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം. ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ്ങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായപൊടികളും ബ്രേയ്ക്ക് ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറി

ലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്തുതല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. ബയോവിൻ അഗ്രോ റിസേർച്ച് പത്താം വാർഷികത്തോടനുബന്ധിച്ച്, റീട്ടെയ്ൽ ബ്രാൻഡായ സിഗ്‌വിയിലൂടെ മായം കലരാത്ത ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ജനങ്ങളിലേക്ക് എന്ന ലക്ഷ്യത്തോടെ സിഗ്‌വി ഉത്പന്നങ്ങൾ കോമ്പോ പാക്കുകളായി വിപണിയിലെത്തിക്കുന്നു. ഇന്ത്യയിലെവിടെയും ആർക്കും വിപണനം നടത്തി വരുമാനമുണ്ടാക്കാം എന്നതാണ് പ്രത്യേകത. ഒക്ടോബർ 10 മുതൽ ജനുവരി 10 വരെയാണ് കാലാവധി. ഉപഭോക്താക്കൾക്കും മികച്ച രീതിയിൽ വിപണനം നടത്തുന്ന വിപണനക്കാരനും നറുക്കെടുപ്പ് വഴി ആകർഷകമായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. സിഗ്‌വി കേക്ക്, ബേക്കറി ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ക്രിസ്തുമസ് വിപണിയിലേക്കായി പ്ലം കേക്ക്, ക്യാരറ്റ് ഡേറ്റ്സ് കേക്ക് ഉത്പാദനം ആരംഭിച്ചു. 2026 ജനുവരി മുതൽ എല്ലാ ബേക്കറി ഉത്പന്നങ്ങളും വിപണിയിൽ ഇറക്കുകയാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്. Mr. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**കാലം തളർത്താത്ത കാൽവെപ്പുകൾ - ഭിന്നശേഷി ദിനാചരണം**

ഡിസംബർ 3 ഭിന്നശേഷി ദിനാചരണ പരിപാടിയോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. സാമൂഹ്യ പുരോഗതിക്കായി ഭിന്നശേഷി സൗഹൃദ സമൂഹത്തെ വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെ മാനന്തവാടി ബി.ആർ.സി. യാണ് പരിപാടിക്ക് നേതൃത്വം നൽകിയത്. ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. സുനിൽ കുമാർ, സമഗ്രശിക്ഷാ കേരളയുടെ ജില്ലാ കോ. ഓർഡിനേറ്റർ ശ്രീ. അനിൽകുമാർ വി, ദ്വാരക സേക്രട് ഹാർട്ട് ഹയർസെക്കറി സ്കൂൾ മാനേജർ റവ. ഫാ. സന്തോഷ് തെക്കയിൽ മാനന്തവാടി ബി. ആർ. സി. യിലെ ബി. പി. സി. ശ്രീ. സുരേഷ് കെ. കെ, എന്നിവർ ഭിന്നശേഷി ദിന സന്ദേശങ്ങൾ പങ്കുവെച്ചു. വിവിധ സ്കൂളുകളിൽ നിന്നുള്ള ഭിന്നശേഷി വിദ്യാർത്ഥികളാണ് കാലം തളർത്താത്ത കാൽവെയ്പ്പുകൾ എന്ന പരിപാടിയിൽ പങ്കെടുത്തത്.

**വെൽനസ് വേ - അടുത്തറിയാം ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ**

ആരോഗ്യവകുപ്പ്, ആരോഗ്യകേരളം വയനാട് എന്നിവ ICMR CONVERTECH HWCs (SHSRC-K) പ്രൊജക്ടിന്റെ ഭാഗമായി പുതിയ പ്രക്ഷേപണ പരിപാടി ആരംഭിച്ചു. വെൽനസ് -വേ അടുത്തറിയാം ജനകീയ ആരോഗ്യകേന്ദ്രങ്ങളെ എന്ന പേരിലാണ് പ്രക്ഷേപണം ചെയ്യുന്നത്.

**ഇലക്ഷൻ ലൈവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഡിസം. 09 വോട്ടെടുപ്പ് ദിവസവും ഡിസം. 11 വോട്ടെണ്ണൽ ദിവസവും തത്സമയ വിവരങ്ങൾ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു. അതോടൊപ്പം വോട്ടുവണ്ടിയുടെ യാത്രയും ഉണ്ടായിരുന്നു.

**റൂറൽ അഗ്രികൾച്ചറൽ വർക്ക് എക്സ്പീരിയൻസ് പ്രോഗ്രാം**

അമ്പലവയൽ കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഡിസം. 03 –ന് നടന്ന റൂറൽ അഗ്രികൾച്ചറൽ വർക്ക് എക്സ്പീരിയൻസ് പരിപാടിയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി. ഡയറക്ടർ ഫാ. ബിവാൾഡിൻ എന്നിവർ പങ്കെടുക്കുകയും വിഷയാവതരണം നടത്തുകയും ചെയ്തു. കർഷകർക്ക് വിവിധ രീതിയിലുള്ള കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും പരിശീലന പരിപാടികളും മറ്റും സംഘടിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി റേഡിയോയുടെ പങ്കിനേക്കുറിച്ച് അഗ്രികൾച്ചർ വിദ്യാർത്ഥികളുമായി ചർച്ച ചെയ്തു. അതോടൊപ്പം 2026 ജനുവരി 01 മുതൽ അമ്പലവയൽ കൃഷി വിജ്ഞാനകേന്ദ്രത്തിൽ നടക്കുന്ന പൂപ്പൊലിയുടെ മീഡിയാ പാർട്ണറായി റേഡിയോ മാറ്റൊലി പ്രവർത്തിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

**എമ്മാവൂസ് വില്ല ഭിന്നശേഷി ദിനാചരണം**

തോണിച്ചാൽ എമ്മാവൂസ് വില്ലയിൽ ഡിസം. 04 –ന് നടത്തിയ ഭിന്നശേഷി ദിനാചരണ പരിപാടിയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**സന്ദർശനം**

ക്രിസ്തുമസിനോടനുബന്ധിച്ച് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന സന്മനസുള്ളവർക്ക് സമാധാനം എന്ന പ്രോഗ്രാമിലൂടെ സന്ദേശം നൽകുന്നതിന് റേഡിയോ മാറ്റൊലി രക്ഷാധികാരിയും മാനന്തവാടി രൂപതാധ്യക്ഷനുമായ ബിഷപ് മാർ ജോസ് പൊരുന്നേടം നവം. 18–ന് മാറ്റൊലി സന്ദർശിച്ചു. പ്രശസ്ത ഗായകനായ ഫാ. സേവേറിയോസ് തോമസ് ഡിസം 01 –ന് റേഡിയോ മാറ്റൊലി സന്ദർശിക്കുകയും പ്രതിഭയും അതിഥിയും എന്ന പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**Employment Training Centre for Women**

Foundation Stone of the Employment Training Centre for Women (Under PM-USHA Scheme – Gender Inclusion and Equity Initiative) was laid by Rt Rev Dr Mar. Jose Porunnedom on 17 November 2025.

**Intercollegiate Volleyball Championship (Women)**

Kannur University Intercollegiate Volleyball Championship (Women) was conducted at Mary Matha Arts and Science College on 15 November 2025.

**IGNITE 2K25**

Mary Matha Arts and Science College in association with Government of Kerala Department of General Education organized a Gifted Children Programme IGNITE 2K25 on 15 November 2025.

**College Union Inauguration**

College Union Inauguration and Fine Arts Inauguration was organized on 28 November 2025. Mr. Haris Nenmeni (Writer and Novelist) and Ms. Minha Fathima (Singer, Social Media Influencer) were the Chief guests.

**PhD in Mathematics**

Mr. Binoy Joseph, Asst. Professor, Mary Matha Arts and Science College was awarded Ph.D. in Mathematics from Kannur University under the guidance of Dr. Sr. Bindhu K Thomas.

**Departments / Clubs Activities**

- Department of Physics, Career Guidance and Placement Cell in association with Skill Development centre and UBA organized Emlpoyability skills Development Program on 17 to 22 November 2025.
- NCC Army Wing in association with Blood Bank, Govt. Medical College, Mananthavady organized a Blood Donation programme on 18 November 2025.

- Research department of mathematics organized the pre-sub-misson seminar of Mr.Santhosh Kumar CG, Research scholar, Mathematics Research Centre on 18 November 2025.
- NCC Army Wing organized a Fitness Challenge Programme on 25 November 2025.
- Department of Social Science Economics celebrated National Constitution Day and organized a Calligraphy Competition on 26 November 2025.
- Department of Commerce in association with skill development centre and IQAC organized Career Connect 2025-26 on 27 November 2025.
- Staff Jersey Launch in association with South Indian Bank was organized on 27 November 2025.
- NSS Celebrated Aids Day on 1 December 2025. A poster and short film on AIDS Awareness was organized.
- NCC Naval Unit organized a seminar on *Inspire to serve: Naval Leadership & The Spirit of Navy Day* on 4 December 20225.
- Department of Journalism in association with Film Club organized a reels making workshop *Place Your Emotion in the Vertical Space* on 5 December 2025.
- Department of Mathematics: Henosis organized Maths Jump on 5 December 2025.
- Department of Commerce in association with Student Services Centre organized an Interactive session on *Building Healthy Relationships: Awareness and Boundaries* on5 December 2025.
- NSS organized a PRE Camp Orientation Programme on 6 December 2025.
- Department of Commerce in association with IQAC organized *KOODE* Old Age Home Visit on 8 December 2025.
- Literary Club in association with Department of English and IQAC organized Book Talk Series on 9 December 2025.
- NCC Army Wing celebrated Human Rights Day on 10 December 2025.
- Department of Commerce organized an Entrepreneurship Programme for B Com 2nd year students on 12 December 2025.

- Department of Social Science Economics and Wildlife Trust of India organized a seminar on the topic *Human- wildlife conflict mitigation in Wayanad: A Soio-economic outlook* on 15 December 2025.

**Student/Alumni Achievements**

- Ms. Emalda Thomas (2019-22 B. Com) and Mr. Abhishek P (2019-22 BSc Computer Science) got appointed as CISF Constables.
- Mr. Vignesh P S (2019-22 BSc Physics) got appointed as Civil Police Officer, Kerala Police.
- UO Najiya Nasrin selected for PRE- RDC II.
- Ms. Nishitha Gouthaman (2008-11 BSc Chemistry) got appointed as HSST Chemistry at Govt. Higher Secondary School Vellamunda.
- CPL Ebin Babu completed All India Trekking Expedition Belgaum, Karnataka from 15 to 22 November 2025.
- Ms.Sayana K and Ms. Khadeejathul Shaharubha of II B A English presented papers in the student seminar held as part of Pazhassi day celebrations organized by Department of Archaeology, Govt.of Kerala on 30 November, 2025.
- LCPL Abhiya George got selected for adventure course to be held at Nehru Institute of Mountaineering, Uttarkashi, Uttarakhand from 2 to 15 December 2025 and received 2nd in Cross-country (6km), 2nd in Obstacle Competition and 3rd in Sport Climbing Competition.
- UO Najiya Nasrin selected for PRE- RDC III.
- Ex UO Vivek KR completed Agniveer GD Training and joined Indian Army.
- Mr. Muhammed Sinan CH (BSc Computer Science), Mr Anandhu Sandhosh (BCom), Ms. Amaya Balakrishnan (BSc Physics) and Ms. Rasla Fathima (Social Science Economics) completed NSS Leadership camp from 5 to 7 December 2025.

**Prof. Thomas Monoth**
Principal

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം പ്രസിദ്ധീകരിച്ച ഫലങ്ങളിൽ, ഫെഡാർ ലാംഗ്വേജ് സ്കൂളുകളിൽ പഠിച്ച 12 വിദ്യാർത്ഥികൾ B2 പരീക്ഷയിൽ വിജയിച്ചു. ഫെഡാർ ക്യാമ്പസിൽ പഠിച്ച ആദ്യ നേഴ്സിംഗ് ബാച്ചിലെ ഒരു വിദ്യാർത്ഥിനി കൂടി ജർമ്മനിയിൽ എത്തിച്ചേർന്നു.

**ഫെഡാർ കണക്ട്**

ഫെഡാർ കണക്റ്റിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് മഞ്ഞൂറ, കമ്മന, എടപ്പെട്ടി, മരകാവ്, കബനിഗിരി, ഇരുളം, ഒലിവുമല, കരണി, പട്ടാണിക്കൂപ്പ്, കേളകം, തലപ്പുഴ, പുൽപ്പള്ളി, ജൂഡ്സ് മൗണ്ട്, പടമല, കരിമാനി എന്നീ ഇടവകകളിൽ കുട്ടികളെ സന്ദർശിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് ഫെഡാർ കണക്ട് കുട്ടികൾക്കായി, ക്രിസ്തുമസ് കാർഡ് നിർമ്മാണം, ക്രിസ്തുമസ് സന്ദേശ വീഡിയോ നിർമ്മാണം എന്നീ മത്സരങ്ങൾ നടത്തി. വിജയികളുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു. ഡിസംബർ 18-ന് ഫെഡാർ ക്യാമ്പസുകൾ സംയുക്തമായി ക്രിസ്തുമസ് ആഘോഷം കാട്ടിക്കുളത്ത് വച്ച് നടത്തുകയും മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**FEDAR – Christmas Competitions Results**

**Christmas Card Making Competition – FEDAR Alumni**

| **Prize** | **Name** | **Parish / Place** |
|---|---|---|
| First Prize | Alna George | Kavumannam |
| Second Prize | Steevo Joseph | Kottiyoor |
| Third Prize | Liya Mariya | Kaniyaram |
| Best Effort | Angel Alex | Marakavu |
| Best Effort | Anna M. Sunil | — |

**Christmas Card Making Competition – FEDAR Students**

| Prize | Name | Campus / Place |
|---|---|---|
| First Prize | Akshara Sreenivas | Kattikkulam Campus |
| Second Prize | Sanusha Jacob | Kattikkulam Campus |
| Third Prize | Liya K Jain | Kunjohm Campus |
| Best Effort | Niya Nixon | Kunjohm Campus |
| Best Effort | Milta Rose | Kattikkulam Campus |
| Best Effort | Akshay Sreenivas | Kattikkulam Campus |
| Best Effort | Megha Benny | Kunjohm Campus |
| Best Effort | Ruby Nancy | Kunjohm Campus |
| Best Effort | Sneha P A | Kattikkulam Campus |
| Best Effort | Aneena Krishna | Kunjhome Campus |

**Christmas Card Making Competition – FEDAR Parish Connect**

| Prize | Name | Parish |
|---|---|---|
| First Prize | Rose Mariya Shiju | Mullenkolly |
| Second Prize | Soniya Joseph | Kottiyoor |
| Third Prize | Liya Mariya Binoy | Sulthan Bathery |
| Best Effort | Angel Mariya | Kaniyaram |

**Christmas Video Making Competition – FEDAR Students**

| Prize | Name | Place |
|---|---|---|
| First Prize | Sruthi Sunny | Kaniyaram |
| Second Prize | Angel Saji | Martin Nagar |
| Third Prize | Carmel Mariya | Kaniyaram |
| Best Effort | Dhila Anna Sebastian | Padichira |

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം. ഫെഡാർ ഫൗണ്ടേഷൻ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള പയ്യമ്പള്ളി സെന്റ് കാതറിൻസ് ഹൈസ്കൂളിനായി നിർമ്മിക്കുന്ന വിദ്യാലയകെട്ടിടത്തിന്റെ ശിലാസ്ഥാപനം മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ശിശുദിനം വിപുലമായി ആഘോഷിച്ചു. പുൽപ്പള്ളി പ്രാഥമിക ആരോഗ്യകേന്ദ്രവും വിദ്യാലയത്തിലെ സീഡ്, നല്ല പാഠം ക്ലബുകൾ സംയുക്തമായി നേത്രപരിശോധന ക്യാമ്പും കുട്ടികളുടെ കണ്ണിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ക്ലാസും സംഘടിപ്പിച്ചു. പഠനയാത്ര സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സ്കൂൾ എനർജി ക്ലബിന്റെ ഭാഗമായി പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തി. ശിശുദിനം ആഘോഷിച്ചു. പച്ചക്കറി വിളവെടുപ്പ് നടത്തി. വിദ്യാരംഗം ഉപജില്ലാ സർഗ്ഗോത്സവത്തിൽ കുട്ടികൾ പങ്കാളികളായി. ക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നക്ഷത്ര നിർമ്മാണ മത്സരം നടത്തി.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ഭിന്നശേഷി ദിനം സമുചിതമായി ആചരിച്ചു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

ശിശുദിനം ആഘോഷിച്ചു. ഗോത്രവിഭാഗം രക്ഷിതാക്കൾക്കായി ക്ലാസ്സ് സംഘടിപ്പിച്ചു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വർണ്ണാഭമായ ശിശുദിന പരിപാടികൾ നടത്തി. ഗോത്ര ഫെസ്റ്റ് നടത്തി.

**VI സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വിദ്യാലയത്തിൽ ശിശുദിനവും വിജയോത്സവവും ആഘോഷിച്ചു. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നൽകി. അക്ഷരക്കൂട്ട് പ്രത്യേക ഭാഷാ പരിശീലന പരിപാടി ആരംഭിച്ചു. ലോക ഭിന്നശേഷിദിനം ആചരിച്ചു.

**VII സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ കൊളവയൽ**

സ്കൂളിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് അഖില വയനാട് ഫുട്ബോൾ ടൂർണ്ണമെന്റ് (LP വിഭാഗം) സംഘടിപ്പിച്ചു.

**VIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പി.റ്റി.എ. ജനറൽബോഡി യോഗം ചേർന്നു. കുട്ടിക്കർഷകൻ ക്ലബ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**IX എ. എൽ. പി. സ്കൂൾ കണിയാരം**

സ്കൂൾതല കായികമേള നടത്തി. എനർജി ക്ലബിന്റെ നേതൃത്വത്തിൽ പെൻസിൽ ഡ്രോയിംഗ്, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടന്നു. നവംബർ മാസം പിറന്നാൾ ആഘോഷിച്ച കുട്ടികളെ ഒരുമിച്ച് ചേർത്ത് പിറന്നാൾ ആഘോഷം നടന്നു. ഭിന്നശേഷിദിനം ആചരിച്ചു.

**XI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

ആരോഗ്യ സംരക്ഷണം ഔഷധ സസ്യങ്ങളും ഉപയോഗങ്ങളും എന്ന വിഷയത്തിൽ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ് നൽകി. കുട്ടികർഷകൻ ക്ലബ് ഉദ്ഘാടനവും കിറ്റ് വിതരണവും നടന്നു. ഭരണഘടന ദിനം ആചരിച്ചു. എനർജിക്ലബ് പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തി. ഭിന്നശേഷി ദിനാചാരണം നടത്തി.

**XII നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

കുട്ടികൾക്കായി ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ക്ലാസ് അടിസ്ഥാനത്തിലുള്ള പ്രതിവാര അസംബ്ലി നടത്തി വരുന്നു. നാങ്കോത്സവം എന്ന പേരിൽ ഗോത്ര ഫെസ്റ്റ് നടത്തി. സ്കൂൾതല കായികമേള നടത്തി വിജയികളെ അനുമോദിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

നിലമ്പൂർ ഉപജില്ല ഗാന്ധിദർശൻ കലാമേളയിൽ കുട്ടികളെ പങ്കെടുപ്പിച്ചു. കുട്ടികളുടെ ഭവന സന്ദർശനം നടത്തി. അന്താരാഷ്ട്ര ഭിന്നശേഷിക്കാരുടെ ദിനം ആചരിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

വയനാട് ജില്ലാ കലാമേളയിൽ ജനറൽ വിഭാഗത്തിൽ ഓവറോളും സംസ്കൃതത്തിൽ റണ്ണറപ്പും നേടി. ശിശുദിനം വളരെ വിപുലമായി ആഘോഷിച്ചു. വിദ്യാർത്ഥികൾക്ക് വേണ്ടി ഓയിസ്ക ബത്തേരിയുടെ നേതൃത്വത്തിൽ കൂൺകൃഷിയെ പരിചയപ്പെടുത്തി കൊണ്ട് ക്ലാസ് നടന്നു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ജില്ലാ കലോത്സവത്തിലും ബത്തേരി ഉപജില്ല സർഗോത്സവത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

കണ്ണൂർ റവന്യൂജില്ലാ കലോത്സവത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മികച്ച നേട്ടങ്ങൾ കൈവരിച്ചു. ഇന്ത്യൻ മിക്സ് ബോക്സിങ് സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ നേടി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ശിശുദിനാഘോഷം സമുചിതമായി ആചരിച്ചു. കലാമേളയിലും കായികമേളകളിലും മികച്ച വിജയം കൈവരിച്ച കുട്ടികളെ ആദരിച്ചു. നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ സമീപപ്രദേശത്തെ അംഗനവാടികളിൽ കളിപ്പാട്ടങ്ങൾ വിതരണം ചെയ്തു. ജില്ലാ കലോത്സവത്തിൽ മികച്ച വിജയം കൈവരിച്ച കുട്ടികളെ അനുമോദിച്ചു. സെവൻസ് ഫുട്ബോൾ സംഘടിപ്പിച്ചു. സീഡ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹരിതസഭ സംഘടിപ്പിച്ചു. ഭരണഘടനദിനം ആചരിച്ചു. ഭിന്നശേഷി ദിനാചരണം നടത്തപ്പെട്ടു.

**VI എ. യു. പി. സ്കൂൾ ദ്വാരക**

ഗോത്രവിഭാഗം പെൺകുട്ടികൾക്ക് തയ്യൽ പരിശീലനവും, ആൺകുട്ടികൾക്ക് സൈക്കിളിംഗ് പരിശീലനവും ആരംഭിച്ചു.

ഭിന്നശേഷി വാരാചരണ വിളംബര ജാഥ സംഘടിപ്പിച്ചു. ഭിന്നശേഷിദിനത്തോടനുബന്ധിച്ച് കിടപ്പുരോഗികളായ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ശിശുദിനം പ്രീ പ്രൈമറി ഡേ ആയി ആഘോഷിച്ചു. എനർജി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡ്രോയിങ്, പോസ്റ്റർ രചന മത്സരം എന്നിവ നടത്തി. സ്കൂൾ പഠനയാത്ര സംഘടിപ്പിച്ചു. മാനന്തവാടി ഉപജില്ല വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു

**VIII സെന്റ് മേരീസ് യ.ു പി. സ്കൂൾ കബനിഗിരി**

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പൂർവ്വ അധ്യാപക അനധ്യാപക വിദ്യാർത്ഥി സംഗമം നടത്തപ്പെട്ടു. സുവർണ ജൂബിലി വാർഷികത്തോടനുബന്ധിച്ച് സ്കൂളിൽ മിനി പ്ലാനറ്റോറിയം ഒരുക്കി. ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

കേരളപ്പിറവി, ശിശുദിനം എന്നിവ വിപുലമായ രീതിയിൽ ആഘോഷിച്ചു. വയനാട് ജില്ലാ കലോത്സവത്തിൽ രണ്ട് വിദ്യാർത്ഥികൾ എ ഗ്രേഡ് കരസ്ഥമാക്കി. ആരോഗ്യ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. വയനാട് ശിശുക്ഷേമ സമിതി ഉപജില്ലാതല വർണ്ണോത്സവം പ്രസംഗ മത്സരത്തിൽ രണ്ട് വിദ്യാർത്ഥികൾ ഒന്ന്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

നേഴ്സറി കലോത്സവവും വിവിധ മേഖലകളിലെ പ്രതിഭകളെ ആദരിക്കലും നടത്തി.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

വയനാട് റവന്യൂ ജില്ലാ കലോത്സവത്തിൽ യുപി വിഭാഗത്തിൽ റണ്ണറപ്പ് വിജയം നേടി. സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ നടന്ന ദ്വീദിയ സോപാൻ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ദ്വീദീയ സോപാൻ ലഭിച്ചു . മാനന്തവാടി ഉപജില്ല വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാർത്ഥികൾ ജില്ലയിലേക്ക് യോഗ്യത നേടി.

**XII സെന്റ് ജോസഫ്സ്  യു. പി. സ്കൂൾ കല്ലോടി**

പുതിയതായി നിർമിച്ച ടോയ്‌ലറ്റ് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. ഉപജില്ല കലാമേളയിൽ LP ജനറൽ വിഭാഗത്തിൽ ഫസ്റ്റ് റണ്ണറപ്പും അറബി മേളയിൽ ഒന്നാം സ്ഥാനവും  സംസ്കൃതം മേളയിലും യു.പി. ജനറൽ വിഭാഗത്തിലും ആറാം സ്ഥാനവും കരസ്ഥമാക്കി. പച്ച ക്കറി കൃഷി ആരംഭിച്ചു.  സ്നേഹനാണയം പദ്ധതി ആരംഭിച്ചു. ശിശുദിനം ആചരിച്ചു. വിദ്യാർത്ഥികളുടെ പഠനയാത്ര നടത്തി. എനർജി ക്ലബ്ബിന്റെ നേതൃത്വത്തിൽ എൽ. പി. വിഭാഗത്തിന് പെൻ സിൽ ഡ്രോയിങ് മത്സരവും യു.പി. വിഭാഗത്തിന് പോസ്റ്റർ നിർ മ്മാണ മത്സരവും നടന്നു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വൈത്തിരി ഉപജില്ല മേളയിൽ എൽപി വിഭാഗം ജനറൽ റണ്ണറപ്പ്, യു. പി. വിഭാഗം ജനറൽ റണ്ണറപ്പ്, എൽ. പി. വിഭാഗം അറബിക് ഓവറോൾ, യു. പി. വിഭാഗം സംസ്കൃതം റണ്ണറപ്പ് എന്നിവ കരസ്ഥമാക്കി. ഗോത്രവിഭാഗം കുട്ടികൾക്കു വേണ്ടി മാത്ര മായി  ഏകദിന ശില്പശാല നടത്തി. വിവിധ മേളകളിൽ വിജയി കളായവരെ  അഭിനന്ദിച്ചു. പ്ലാറ്റിനം ജൂബിലി സ്വാഗത സംഘ രൂപീകരണം നടത്തി.

**XIV സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

മികവാർന്ന രീതിയിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു. സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നേഴ്സറി, LP സ്കൂൾ കുട്ടികൾക്കായി അഖില വയനാട് ചിത്രരചനാമത്സരവും, ഗ്രാൻഡ് പാരന്റ്സിനെ ആദരിക്കലും നടന്നു. അമ്പത് ചാച്ചാജി മാരെ ഉൾപ്പെടുത്തി നടത്തിയ കുട്ടികളുടെ ശിശുദിന റാലി ശ്രദ്ധേയമായി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ജില്ലാ കലോത്സവത്തിൽ മികച്ച വിജയം കൈവരിച്ചു. വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമായി മോട്ടിവേഷൻ ക്ലാസ് നടത്തപ്പെട്ടു. സ്കൂൾതല സർഗോത്സവം നടത്തപ്പെട്ടു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉപജില്ലാതല മത്സരങ്ങ ളിൽ മികച്ച വിജയം നേടി. ഭിന്നശേഷി ദിനം ആചരിച്ചു.

**II സെന്റ് കാതറിൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പുതിയതായി നിർമിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പോരുന്നേടം പിതാവ് നിർവഹിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും വിമുക്തി മിഷന്റെയും ആഭിമുഖ്യത്തിൽ ലഹരി വിമുക്ത ബോധവൽക്കരണവും പ്രദർശനവും സംഘടിപ്പിച്ചു. NCC ദിനത്തോടനുബന്ധിച്ച് ഫുട്ബോൾ മത്സരം, വൃദ്ധസദന സന്ദർശനം, അസംബ്ലി എന്നിവ സംഘടിപ്പിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ വിവിധ മത്സരങ്ങളിലും വയനാട് റവന്യൂ ജില്ലാ കലോത്സവത്തിലും മികച്ച വിജയം നേടി.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

സംസ്ഥാന ശാസ്ത്രോത്സവ ജേതാവിനെ അനുമോദിച്ചു. ശിശുദിനാഘോഷം നടത്തി. പത്താം ക്ലാസ്സിന്റെ പഠനയാത്ര നടത്തി. ടീൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തി. വിവിധ ഭാഗങ്ങളിലായി പ്രാദേശിക പിടിഎ സംഘടിപ്പിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ഭരണഘടന ദിനം ആചരിച്ചു.വയനാട് ജില്ല സ്കൂൾ കലോത്സവത്തിൽ മികച്ച വിജയം നേടി. ജനറൽ വിഭാഗത്തിൽ ഓവറോൾ തേർഡ് കരസ്ഥമാക്കി. സംസ്കൃതോത്സവത്തിൽ മികച്ച വിജയം നേടാനായി.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സ്റ്റോപ്പ് ആൻഡ് പ്രൊസീഡ് ബോർഡ് സ്ഥാപിച്ചു. പൂർവ അധ്യാപകരും വിദ്യാർത്ഥികളും ചേർന്നു നൽകിയ വാട്ടർ പ്യൂരിഫയർ ഉദ്ഘാടനം ചെയ്തു.

**VI സി. കെ. എച്ച്. എസ് മണിമൂളി**

ഉപജില്ലാ കലോത്സവത്തിൽ വിവിധയിനങ്ങളിൽ മികച്ച വിജയങ്ങൾ കൈവരിച്ചു. ശിശുദിനാഘോഷം സംഘടിപ്പിച്ചു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പൂർവ്വ വിദ്യാർത്ഥി, അദ്ധ്യാപക മഹാസംഗമം നടത്താൻ തീരുമാനിച്ചു. സംസ്ഥാനതല

മിക്സ് ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥ മാക്കി. SPC യുടെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചയും പൊതി ചോറ് നൽകി വരുന്നു.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

ജില്ലാകലോത്സവത്തിൽ സംസ്കൃതോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കി. ഉത്തർപ്രദേശിലെ ലക്നൗവിൽവച്ചു നടന്ന നാഷനൽ ജാമ്പൂരിയിൽ രണ്ട് വിദ്യാർത്ഥികൾ പങ്കെടുത്തു. സൈബർ സുരക്ഷയെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സ്കൂൾ ജില്ലാ കലോത്സവത്തിൽ വിവിധയിനങ്ങളിൽ വിദ്യാർത്ഥികൾ സംസ്ഥാനതല യോഗ്യത നേടി. ഫുട്ബോൾ ടീം രൂപീകരിച്ചു. ജൂബിലിയോട് അനുബന്ധിച്ച് ഫുട്ബോൾ ടൂർണ മെന്റ് നടത്തി. എനർജി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഉപന്യാസ മത്സരം നടത്തി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

ലഹരി വിമുക്ത കേരളം ക്യാമ്പയിൻ നടത്തി. NSS ന്റെ നേതൃത്വത്തിൽ എമ്മാവൂസ് വില്ല സന്ദർശിച്ചു. സൈബർ സുര ക്ഷയെ കുറിച്ച് ക്ലാസ്സ് നടത്തി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

സംസ്ഥാനതല 500 മീറ്റർ സൈക്ലിംഗ് മത്സരത്തിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കി. ഉപജില്ലാതല മേളകളിൽ വിവിധയിന ങ്ങളിൽ മികച്ച വിജയം നേടി. സൗഹൃദ ദിനാഘോഷത്തിന്റെ ഭാഗമായി ലൈഫ് സ്കിൽ പരിശീലനവും സ്കിറ്റ് അവതരണവും സംഘടിപ്പിച്ചു. സ്കൂളിലെ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലുകാച്ചി മലയിലേക്ക് ട്രക്കിംഗ് നടത്തി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വയനാട് ജില്ലാ സ്കൂൾ കലോൽസവത്തിൽ മികച്ച വിജയം നേടി. NSS ന്റെ ആഭിമുഖ്യത്തിൽ അഗ്നിച്ചിറകുകൾ എന്ന പരിപാടി നടപ്പിലാക്കി. ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

**IV ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ഉപജില്ലാ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ വിവിധ സ്ഥാനങ്ങൾ കരസ്ഥമാക്കി. പാലക്കാട് വെച്ച് നടന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ ഗ്രേഡുകൾ നേടി. NSS വോളന്റിയേഴ്സിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. NSS യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടന്നു. ഗോത്രകലാ ചിത്ര പ്രദർശനം സംഘടിപ്പിച്ചു.

**V സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗ് കൂടുകയും കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസുകൾ നൽകുകയും ചെയ്യുന്നു. സൗഹൃദ ദിനത്തോടനുബന്ധിച്ച് പ്ലസ് വൺ കുട്ടികൾക്ക് വേണ്ടി Life Skill ക്ലാസുകൾ സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മിനി ദിശ എക്സ്പോ സംഘടിപ്പിച്ചു.

സമാഗതമാകുന്ന പുതുവർഷം അനുഗ്രഹദായകമാകട്ടെ. ഏവർക്കും പുതുവത്സരാശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ


# *Bishop's Programme*



***January 2026***

| | |
|---|---|
| *01 Thursday: Morning:* | *Mullenkolly: Ordination of Dn. Christo John Niravathanal MI* |
| *Afternoon:* | *Bathery: Ruby Jubilee of Orthodox Diocese* |
| *03 Saturday: ................* | *Nadavayal: Sacerdotal Golden Jubilee of Fr. Sebastian Kandeth* |
| *04 Sunday: ..................* | *Bekky: Parish Golden Jubilee Conclusion* |
| *05 Monday: ..................* | *Engaged* |
| *06 Tue-10 Sat: .............* | *Mount St Thomas, Kakkanad: Synod* |
| *11 Sunday: ..................* | *Out of station* |
| *14 Kartikulam: ............* | *TECCLESIA Training* |
| *15 Thursday: .............* | *Deepthigiri: Blessing of New Church* |
| *17 Saturday: ..............* | *Kalpra: Vestition & First Profession of Punitha Nirmal Palavayal SD* |
| *19 Monday: .................* | *Nadavayal: Osanam Bhavan Silver Jubilee Conclusion* |
| *20 Tuesday: ................* | *Cherukattoor: Platinum Jubilee Conclusion* |
| *21 Wed - 22 Thu ...........* | *Kartikulam: TECCLESIA Training* |
| *24 Saturday: ..............* | *Engaged* |
| *26 Monday: ................* | *Bishop's House: Reception for New Priests* |
| *28 Wednesday: ............* | *Nilambur: LF School Anniversary* |
| *29 Thu- 31 Sat: ............* | *Ujjain* |
| ***February 2026*** | |
| *01 Sunday: .................* | *Valavayal: Parish Golden Jubilee* |
| *02 Monday: .................* | *FEDAR Connect: Meeting of Provincial Superiors* |
| *03 Tue-11 Wed: ..........* | *Bangalore: CBCI Meeting* |
| *12 Thu-19 Thu: .........* | *Engaged* |
| *16 Mon- 18 Wed: ........* | *Ongoing formation course for priests* |
| *20 Fri-26 Thu: .............* | *Khandwa* |

# Auxiliary Bishop's Programme



| | |
|---|---|
| ***January 2026*** | |
| *03 Saturday: ..................* | *Bhoodanam: Ordination of Dn. Justin Kalarpara MI* |
| *04 Sunday: ......................* | *Chullioyode: Festal Mass* |
| *05 Monday: ....................* | *KCBC Charismatic Commission, Emmaus* |
| *06 Tue-10 Sat: ................* | *Kakkanad: Synod* |
| *11 Sunday: .....................* | *Alakode: Festal Mass* |
| *15 Thursday: ..................* | *Manvayal: Blessing of Chapel* |
| *16 Friday: ......................* | *Deepthigiri: Holy Mass* |
| *17 Saturday: Morning: ....* | *Kallody: School Anniversary* |
| *Evening: .....* | *Karthikapuram: Holy Mass* |
| *18 Sunday: ......................* | *Kunnamkai: Golden Jubilee of Parish* |
| *19 Monday: Morning: ....* | *Payyampally: Higher Secondary School Anniversary* |
| *Evening: .....* | *Nadavayal: High School Anniversary* |
| *20 Tuesday: Morning: ....* | *Vazhavatta: Festal Mass* |
| *Evening: ......* | *Kaniyaram: ALPS Anniversary* |
| *21 Wednesday: Morning:* | *Nadavayal: Higher Secondary School Anniversary* |
| *Evening.....* | *Pazhoor: School Anniversary* |
| *22 Thursday: ..................* | *Kottiyoor: High School Anniversary* |
| *23 Friday: ......................* | *Kurumbalakotta: Holy Mass* |
| *24 Saturday:Morning:...* | *Ellumandam: Baptism* |
| *Evening: ....* | *Sulthan Bathery: Holy Mass* |
| *25 Sunday: .....................* | *Valavayal: Holy Mass* |
| *26 Monday: Morning: ....* | *Engaged* |
| *Evening: ......* | *Bishop's House: Reception for New Priests* |
| *27 Tuesday: ....................* | *Moolithode: School Anniversary* |
| *28 Wednesday: ...............* | *Bathery: U P School Platinum Jubilee* |
| *29 Thursday: ...................* | *Kaniyaram: TTI Anniversary* |
| *30 Friday: .......................* | *Kollody: U P School Anniversary* |
| *31 Saturday: ..................* | *Peravoor: Festal Mass* |
| ***February 2026*** | |
| *01 Sunday: .....................* | *Ondayangady: Festal Mass* |
| *02 Monday: ....................* | *Thariode: U P School Anniversary* |
| *03 Tue-11 Wed: .............* | *Bangalore: CBCI Meeting* |
| *12 Thursday: Morning: ....* | *Dwaraka: Jubilee of Fr. Manoj Ambalathinkal* |
| *Evening: ...* | *Padichira: Golden Jubilee of School* |
| *14 Saturday: ..................* | *Mothakkara: Holy Mass* |
| *15 Sunday: .....................* | *Chungakkunnu: Holy Mass* |
| *16 Mon- 18 Wed: ...........* | *Ongoing formation course* |
| *22 Sunday: .....................* | *Mangalassery: Pastoral Visit* |
| *26 Thursday ...................* | *POC : KCBC Retreat Preachers' Meeting* |